# ദി ഡിഫെൻഡർ

Vol. No. 9 Issue No. 5 RNI Reg. No. 68089 / 97 Published From Perumbavoor 2006 MARCH 1


# ചവർ ചാനൽ ചീഞ്ഞുനാറുന്നു

ചവർ ചാനൽ ചീഞ്ഞു നാറുന്നു. ഫെബ്രുവരി 6ന് വൈകിട്ട് രണ്ടു മണിക്കൂർ സമയം സംപ്രേക്ഷണം നടത്തിയശേഷം അപ്രത്യക്ഷമായ ചാനലിന്റെ ദുർഗന്ധം മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ.

സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി കോടിക്കണക്കിനു രൂപ പിരിച്ചെടുത്താണ് ചാനൽ തുടങ്ങിയത്. ഫെബ്രുവരി 6 മുതൽ 24 മണിക്കൂറും സംപ്രേക്ഷണം ഉണ്ടായിരിക്കും എന്നാണ് അറിയിച്ചിരുന്നത്. പക്ഷേ സംപ്രേക്ഷണം മുടങ്ങി മൂന്നാഴ്ച കഴിയുന്നതുവരെ കെ.സി.ജോണും കൂട്ടരും വായ് തുറന്നതേയില്ല. ചാനലിനേക്കുറിച്ച് അന്വേഷിക്കുന്നവരുടെ ശല്യം സഹിക്കവയ്യാതായപ്പോൾ മനോരമ പത്രത്തിന്റെ കോട്ടയം എഡിഷനിൽ ഒരു മൂലയ്ക്ക് ഒരു ചെറിയ കുറിപ്പ് പ്രസിദ്ധീകരിച്ചു. ഏതോ ചാനലിന്റെ ഫ്രീക്വൻസിയുമായുണ്ടായ ഏറ്റുമുട്ടലിൽ പവർ വിഷന് ജയിക്കാൻ പവറില്ലാതെപോന്നും അതുകൊണ്ട് പവർ വീണ്ടെടുക്കുന്നതുവരെ സംപ്രേക്ഷണം ഉണ്ടായിരിക്കില്ലെന്നും ആണ് പറഞ്ഞുവെച്ചത്. സത്യം പറഞ്ഞാൽ ഇത്ര ദയനീയമായ ഒരു സ്ഥിതി ആരംഭത്തിൽത്തന്നെ വന്നുകൂടുമെന്ന് ഡിഫെൻഡർ പോലും കരുതിയിരുന്നില്ല.



കെ.സി.ജോൺ
(ചെയർമാൻ)



മാത്യൂസ് ചാക്കോ
(മാനേജിംഗ് ഡയറക്ടർ)

പണമുണ്ടാക്കാൻ വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത ആളാണ് കെ.സി.ജോൺ. പക്ഷേ അതല്ല മാത്യൂസ് ചാക്കോയുടെ സ്ഥിതി. പക്ഷേ കെ.സി. ജോണിന്റെ കൂടെച്ചേർന്ന് മാത്യൂസ് ചാക്കോ മാന്യത കളഞ്ഞു കുളിച്ചു. റാന്നിയിലെ ബാബു ജോർജ്ജ് വെറും തറയാണ്. അതുകൊണ്ട് അങ്ങേർക്ക് വിശേഷിച്ച് മാന്യതയൊന്നും നഷ്ടമാകാനില്ല.

ഫ്രീക്വൻസി പ്രശ്നം പരിഹരിച്ചശേഷം ചവർ ചാനൽ സംപ്രേക്ഷണം പുനരാരംഭിക്കും എന്നാണ് കേൾക്കുന്നത്. ആ സാദ്ധ്യത തള്ളിക്കളയാനാവില്ല. പക്ഷേ എത്രക്കാലം സംപ്രേക്ഷണം ചെയ്യും എന്ന് കണ്ടുതന്നെ അറിയണം. ദിവസം 24 മണിക്കൂർ വെച്ച് 365 ദിവസം കാണിക്കണമെങ്കിൽ എത്രത്തോളം പ്രോഗ്രാം വേണമെന്ന് കെ.സി.ജോണും കൂട്ടരും മനസ്സിലാക്കിയിട്ടില്ല. കുറെ പാട്ടുകൾ ആൽബമാക്കിയെന്നും ചിലരുടെയൊക്കെ പ്രസംഗം റിക്കാഡ് ചെയ്തെന്നും ഒക്കെ കേൾക്കുന്നു. ഇതൊക്കെക്കൊണ്ട് എന്താകാനാണാവോ.

ചാനൽ പ്രശ്നത്തിൽ കെ.സി.ജോണും കൂട്ടരും ശരിക്ക് പുലിവാല് പിടിച്ചിരിക്കയാണ്. വിട്ടാൽ പുലി കടിക്കും. ഏറെനേരം പിടിച്ചുകൊണ്ടിരിക്കാനും വയ്യ. രണ്ടിനാലും ഞെരുങ്ങുന്നു എന്നു പറഞ്ഞതുപോലെയുള്ള സ്ഥിതി. ചാടി ഇറങ്ങുന്നതിനു മുൻപ് ഇതൊക്കെ ഓർക്കരുതായിരുന്നോ കെ.സീ?




## കുഴിക്കാലക്ക് മറുപടിയില്ല

കേരളശബ്ദം വാരികയിൽ വന്ന ലേഖനത്തേക്കുറിച്ച് സാം കുഴിക്കാല ഇതുവരെ പ്രതികരിച്ചിട്ടില്ല. സാം കുഴിക്കാല ഇപ്പോൾ എവിടെയാണെന്ന് അറിയാനും കഴിഞ്ഞിട്ടില്ല.

കോടികളുടെ വെട്ടിപ്പ് സാം കുഴിക്കാല നടത്തിയതായി കേരളശബ്ദം പറയുന്നു. ഇത് കുഴിക്കാല നിഷേധിച്ചിട്ടില്ലെന്നത് ശ്രദ്ധേയമാണ്. അങ്ങനെയെങ്കിൽ അത്യുഗ്രൻ വർഷിപ്പറായി നടക്കുന്ന കുഴിക്കാല അത്യുഗ്രൻ തട്ടിപ്പുകാരനാണെന്ന് വരുന്നു. ആത്മീയതയുടെ മറവിൽ കുഴിക്കാല സാധുക്കളെ കൊള്ളയടിക്കുകയാണെന്ന് പറയേണ്ടതായി വരുന്നു. ശതാബ്ദി സമ്മേളനം ഉൾപ്പെടെയുള്ള പരിപാടികൾ തട്ടിപ്പിന്റെ മറയായിരുന്നു എന്നും തെളിയും. ഈ തട്ടിപ്പിന് കൂട്ടുനിന്നവർ പൊതുജനങ്ങളോട് മാപ്പു പറയേണ്ട സ്ഥിതിയും ഉണ്ടാകും. ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തിൽ എടുക്കാൻ ഏവരും തയ്യാറാകണം.

# അഡ്വ. എം. ജി. മാത്യുവിനെ പോലീസ് വേട്ടയാടുന്നു

പെരുമ്പാവൂർ സ്വദേശിയായ അഡ്വ.എം.ജി.മാത്യുവിനെ രാജസ്ഥാൻ പോലീസ് വേട്ടയാടുന്നു. അദ്ദേഹം നാലു വർഷം മുൻപ് എഴുതിയ ബഞ്ച് ഓഫ് ട്രൂത്ത്സ് എന്ന പുസ്തകവും അതിന്റെ ഹിന്ദി പരിഭാഷയും മതവികാരം ഇളക്കുന്നതാണെന്ന് ആരോപിച്ചാണ് കേസ്സ്.

ഡോ.എം.എ.തോമസിനെതിരെ കോട്ടയിൽ മതമൗലിക വാദികൾ പ്രശ്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കഴിഞ്ഞ വർഷം ജനറൽ കൺവെൻഷനിൽ പങ്കെടുക്കാൻ എത്തിയവർ റെയിൽവേ സ്റ്റേഷനിൽ ആക്രമിക്കപ്പെട്ടിരുന്നു. ഇത്തവണ ഫെബ്രുവരി 23 മുതൽ കൺവെൻഷൻ നടക്കേണ്ടതായിരുന്നു. പക്ഷേ ആ പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നു.

അഡ്വ.എം.ജി.മാത്യുവിന്റെ പുസ്തകങ്ങൾ കോട്ടയിൽ വിറ്റതുമൂലമാണ് പ്രശ്നങ്ങൾ ഉണ്ടായത് എന്ന് ആരോപിച്ചാണ് കോട്ടയിലുള്ള രണ്ടു പോലീസ് സ്റ്റേഷനുകളിലായി ഐ.പി.സി. 153.എ., 295 എ. എന്നീ വകുപ്പുകൾ പ്രകാരം കേസ്സ് എടുത്തിരിക്കുന്നത്. എം.ജി. മാത്യുവിനെ അറസ്റ്റ് ചെയ്യാനായി രാജസ്ഥാൻ പോലീസ് പെരുമ്പാവൂരിൽ എത്തിയിരുന്നെങ്കിലും അദ്ദേഹത്തെ കണ്ടെത്താനായില്ല. അതുകൊണ്ട് വീട്ടിലുണ്ടായിരുന്ന 600 പുസ്തകങ്ങൾ എടുത്തുകൊണ്ട് അവർ മടങ്ങി. ഡോ.എം.എ.തോമസിനേയും മകനേയും അറസ്റ്റ് ചെയ്യാൻ പോലീസ് ശ്രമിക്കുന്നുണ്ടെങ്കിലും അവരേയും പിടി കിട്ടിയിട്ടില്ല. കോട്ടയിലുള്ള മറ്റു ചിലർ പിടിയിലായിട്ടുണ്ട്.

# സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ആറാമത്തേതിന്റെ റിക്കാഡിംഗ് പൂർത്തിയായി. എഡിറ്റിംഗ് നടക്കുന്നു. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്. പ്രധാന ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് അഞ്ചാമത്തെ സി.ഡിയിൽ ഉള്ളത്. ആറാമത്തെ സി.ഡിയോടൊപ്പം ഈ സി.ഡി. അയയ്ക്കും.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുറിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുറിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

## വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

വില: (പോസ്റ്റേജ് അടക്കം)

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)-ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ) - ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:
**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**


Internet: www.tsbalan.com Email: tsbalan@yahoo.com **Mobile: 94474 14608. Annual Subscription: Rs. 100/-**

ദി ഡിഫെൻഡർ
Vol. No.9 Issue No. 5 2006 March 1

# മൂന്നാം മുന്നണി ഉണ്ടായാൽ

കേരളത്തിൽ ഒരു മൂന്നാം മുന്നണി ഉണ്ടാകുമോ? അസംബ്ലി തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തി നിൽക്കുന്ന ഈ സമയത്ത് ഒരു മൂന്നാം മുന്നണി ഉണ്ടാകാനുള്ള സാദ്ധ്യതയേക്കുറിച്ച് ഗൗരവത്തിലുള്ള ചർച്ചകൾ നടക്കുന്നത് സ്വാഭാവികം.

നിലവിലുള്ള രണ്ടു മുന്നണികളുടേയും പ്രഖ്യാപിത ശത്രുവായ ബി.ജെ.പിയുടെ നേതൃത്വത്തിൽ മൂന്നാം മുന്നണി ഉണ്ടാക്കാൻ പല ശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും അത് ഒരിക്കലും ഫലപ്രദമായിട്ടില്ല. ഇത്തവണയെങ്കിലും ബി.ജെ.പിയുടെ നേതൃത്വത്തിൽ ഒരു മൂന്നാം മുന്നണി ഉണ്ടാകുമോ? സാദ്ധ്യത കുറവാണ്. ബി.ജെ.പിയോടൊപ്പം ചേരാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറല്ല എന്നതുതന്നെ കാരണം. ഒരു ഗതിയും പരഗതിയും ഇല്ലാതെ നിൽക്കുന്ന ഡി.ഐ.സി. പോലും ബി.ജെ.പിയുമായി കൈകോർക്കാൻ സാദ്ധ്യത കുറ വാണ്. ബി.ജെ.പി. മത്സരരംഗത്തുണ്ടാകുമെങ്കിലും മൂന്നാം മുന്നണി എന്ന പേരിന് അർഹമായ പ്രകടനം കാഴ്ച വെയ് ക്കാൻ ബി.ജെ.പിക്ക് കഴിയുകയില്ല.

ഡി.ഐ.സിയുടെ നേതൃത്വത്തിൽ മൂന്നാം മുന്നണി ഉണ്ടാകുമോ? ആ സാദ്ധ്യത തള്ളിക്കളയാനാവില്ല. എൽ.ഡി.എഫിൽ കയറിപ്പറ്റാനുള്ള ഡി.ഐ.സിയുടെ മോഹം പൂവണിഞ്ഞില്ല. എൽ.ഡി.എഫിന്റെ ഭാഗത്തുനിന്നും ഒരു വിധത്തിലുള്ള സഹായവും ഡി.ഐ.സിക്ക് ലഭിക്കയുമില്ല. അതുകൊണ്ട് മറ്റെന്തെങ്കിലും പോംവഴി കണ്ടെത്തണം. യു.ഡി.എഫുമായി എന്തെങ്കിലും ബന്ധം ഉണ്ടാക്കാനുള്ള ശ്രമം ഡി.ഐ.സി. നടത്തുമെന്ന് ഉറപ്പ്. ലീഗിന്റേയും ജെ.എസ്.എസ്സിന്റേയും നിലപാട് അനുകൂലവുമാണ്. മറ്റു കക്ഷികളും എതിർക്കാൻ സാദ്ധ്യതയില്ല. പക്ഷേ കോൺഗ്രസ്സിലെ ഒരു വിഭാഗത്തിന്റെ നിലപാട് ഡി.ഐ.സിയുടെ യു.ഡി.എഫ്. പ്രവേശനത്തിന് തടസ്സമാകാൻ ഇടയുണ്ട്. മാന്യമായ ഒരു വരവേൽപ്പ് ലഭിച്ചില്ലെങ്കിൽ യു.ഡി.എഫുമായി സഹകരിക്കാൻ ഡി.ഐ.സി. തയ്യാറാകില്ല. അങ്ങനെ വന്നാൽ ഡി.ഐ.സിയുടെ നേതൃത്വത്തിൽ ഒരു മൂന്നാം മുന്നണി ഉണ്ടാകും.

മുന്നണി എന്നു പറയുമ്പോൾ ഒന്നിലധികം പാർട്ടികൾ വേണമല്ലോ. ഡി.ഐ.സിയുടെ മുന്നണിയിൽ ആരൊക്കെ ഉണ്ടാകും? ഇപ്പോൾ ഇടതുപക്ഷത്തുള്ള സി.പി.ഐ.(എം.), സി.പി.ഐ., ആർ.എസ്.പി. എന്നീ കക്ഷികൾ ഉണ്ടാകില്ല. എന്നാൽ എൽ.ഡി.എഫിലുള്ള മറ്റു കക്ഷികൾ ചിലത് ഉണ്ടായെന്നും വരാം. യു.ഡി.എഫിലും വിള്ളൽ വീഴ്ത്താൻ മൂന്നാം മുന്നണിക്ക് കഴിഞ്ഞേക്കാം. യു.ഡി.എഫിലുള്ള ചില കക്ഷികൾ മൂന്നാം മുന്നണിയുമായി രഹസ്യമായോ പരസ്യമായോ ബന്ധം ഉണ്ടാക്കിയെന്നും വരാം. പക്ഷേ, മൂന്നാം മുന്നണിയിലെ സ്ഥാനാർത്ഥികൾക്ക് കെട്ടിവെച്ച കാശെങ്കിലും തിരികെ ലഭിച്ചാൽ ഭാഗ്യം.

# സത്യം സത്യമായി

കോൺഗ്രസ്സിൽ ഇത്ര സമാധാനം ഉണ്ടായിട്ടുള്ള മറ്റൊരു സമയം ഇല്ലെന്ന് ഭൂരിപക്ഷം കോൺഗ്രസ്സുകാരും പറയുന്നു. പക്ഷേ, ആ സമാധാനത്തിന് ഏറെ ആയുസ്സിലെന്ന് കരുതേണ്ടിയിരിക്കുന്നു. സമാധാനത്തിന് ഭീഷണിയായിരുന്നവർ മടങ്ങി എത്തിയതാണ് പ്രശ്നത്തിന് കാരണമായിരിക്കുന്നത്.

തിരുമ്പി വന്ത മച്ചാൻമാരോട് എന്തു നിലപാട് സ്വീകരിക്കണം എന്നതിൽ ഏകാഭിപ്രായമില്ല. അവരെ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കണമെന്ന് ആന്റണിയേപ്പോലുള്ളവർ വാദിക്കുന്നു. പക്ഷേ അവരെ കോൺഗ്രസ്സിന്റെ ഏഴയലത്ത് അടുപ്പിക്കരുതെന്ന നിലപാടിലാണ് മറുപക്ഷം. സമാധാനം നശിക്കാൻ ഇതിലേറെ എന്തുവേണം?

ഡി.ഐ.സിയെ യു.ഡി.എഫിൽ എടുക്കണോ എന്ന ചോദ്യത്തിനും ഉത്തരം പലതാണ്. എടുക്കാനേ പാടില്ല എന്നു വാദിക്കുന്നവർ മുതൽ എടുത്തേ അടങ്ങൂ എന്നു ശഠിക്കുന്നവർ വരെയുണ്ട്. ഈ പ്രശ്നവുമായി ജെ.എസ്.എസ്. ഡൽഹി വരെ പോയെന്നു പറയുമ്പോൾ കാര്യത്തിന്റെ ഗൗരവം വ്യക്തമാണല്ലോ.

ലീഗിന്റെ കാര്യമാണെങ്കിൽ പറയാനുമില്ല. അവർ ഡി.ഐ.സിയുമായി ചർച്ച ആരംഭിച്ചു കഴിഞ്ഞു. യു.ഡി.എഫുമായി ഡി.ഐ.സി. സഖ്യം ഉണ്ടാക്കിയില്ലെങ്കിലും ലീഗ് സഖ്യമുണ്ടാക്കും. ലീഗിലെ വിമതർക്ക് സ്വാധീനമുള്ള ചില സീറ്റുകൾ ഡി.ഐ.സിക്ക് വിട്ടുകൊടുക്കും. ബാക്കിയുള്ളിടത്ത് ഡി.ഐ.സിയുടെ വോട്ടുകൾ വാങ്ങും. (ഇങ്ങനെയൊക്കെ ചെയ്താലും എത്രയിടത്തു ജയിക്കുമെന്ന് കണ്ടുതന്നെ അറിയണം).

ജെ.എസ്.എസ്സിന് ഈയിടെയായി കോൺഗ്രസ്സിന്റെ പോക്ക് ഒട്ടും പിടിക്കുന്നില്ല. എങ്കിലും മറ്റു പോംവഴി ഒന്നും ഇല്ലാത്തതുകൊണ്ട് മിണ്ടാതിരിക്കുന്നെന്നുമാത്രം. ഇപ്പോൾ സ്ഥിതി മാറി വരുകയാണ്. അററകൈക്ക് ലീഡറുമായി ചേർന്ന് ഒരു സഖ്യം പോലുമാകാം എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. അതുകൊണ്ട് ജെ.എസ്.എസും ഇത്തവണ പത്തി വിടർത്തും. പിന്നെ ആരൊക്കെ തലവേദന ഉണ്ടാക്കുമെന്ന് കണ്ടുതന്നെ അറിയണം. കോൺഗ്രസ്സിന്റെ സമാധാനം നഷ്ടമാകാൻ ഇതിൽ അധികം എന്തുവേണം.

ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല എന്നതാണ് ഡി.ഐ.സിയുടെ സ്ഥിതി. നാല്പത് എം.എൽ.എ.മാർ ഫിക്സഡ് ഡിപ്പോസിറ്റ് ഉണ്ടെന്നറിഞ്ഞ് ഇറങ്ങിത്തിരിച്ചതാണ്. പക്ഷേ ഡിപ്പോസിറ്റ് അനക്കമില്ലാതെ ഫിക്സഡായി ഇരിക്കുമെന്ന് കരുതിയില്ല. സൈലന്റ്‌വാലിയിലെ വാനരൻമാർക്കുവേണ്ടി തുടച്ചതുപോലെയുള്ള ഹൃദയത്തുടിപ്പ് എൽ.ഡി.എഫിന് ഉണ്ടാകുമെന്ന് ഒട്ടും പ്രതീക്ഷിച്ചതുമില്ല. എന്തുചെയ്യാം, വിധി. അനുഭവിക്കാതെ പറ്റില്ലല്ലോ.

അസംബ്ലി തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം തോൽക്കുമെന്നാണ് ലീഡർ ഇപ്പോൾ പറയുന്നത്. ഡി.ഐ.സിയുടെ സഹായമില്ലാതെ ആർക്കും ഭരിക്കാൻ പറ്റില്ല എന്നും കൂട്ടിച്ചേർക്കുന്നു. അതിന്റെ ഗുട്ടൻസ് പിടികിട്ടിയില്ല. ലീഡർ ഉൾപ്പെടെയുള്ള യു.ഡി.എഫിനെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. പരാജയപ്പെടുത്തുകയുണ്ടായി. ലീഡറുടെ രണ്ടു മക്കളും തോറ്റു. അങ്ങനെയിരിക്കെ ഇടതുപക്ഷം ഇത്തവണ തോൽക്കുമെന്നു പറയുന്നതിന് എന്തടിസ്ഥാനം?

എവിടെ ലൈഫ്ബോയ് ഉണ്ടോ അവിടെ ആരോഗ്യവുമുണ്ട് എന്നു പറഞ്ഞതുപോലെ എവിടെ ലീഡറുണ്ടോ അവിടെ കലഹവുമുണ്ട് എന്ന മഹത്തായ തത്ത്വം ഏവർക്കും അറിവുള്ളതാണ്. ഇടതുപക്ഷത്തിന്റെ പടിക്കു പുറത്ത് ലീഡർ എത്തിയപ്പോൾ അവിടെയുണ്ടായ പുകില് നമുക്കറിയാം. ലീഡർ പുറത്തുപോയതോടെ കോൺഗ്രസ്സിൽ ഉണ്ടായ സമാധാനവും പ്രസിദ്ധം. ലീഡർ തിരിച്ചു വന്നേക്കും എന്ന അഭ്യൂഹം പരന്നതോടെ യു.ഡി.എഫിലും കോൺഗ്രസ്സിലും അഭിപ്രായ ഭിന്നത ഉടലെടുത്തുകഴിഞ്ഞു. ലീഡറെ കൂടെക്കൂട്ടി ഭരിച്ചാൽ എങ്ങനെയിരിക്കുമെന്ന് പറയേണ്ടതുമില്ല. അതുകൊണ്ട് കോൺഗ്രസ്സ് ഇത്തവണയെങ്കിലും ബുദ്ധി ഉപയോഗിക്കും എന്നു കരുതാം.

ഒന്നോർത്താൽ ജേക്കബ്ബിന്റെ കാര്യം മഹാകഷ്ടമാണ്. സ്വന്തമായി ഒരു പാർട്ടി ഉണ്ടായിരുന്നതാണ്. അത് ലയനത്തിലൂടെ ഇല്ലാതായി. ഡി.ഐ.സിയിലെ മൂന്നാമനെങ്കിലും ആകാമെന്ന് മോഹിച്ചിരുന്നു. പക്ഷേ ഡി.ഐ.സിയിൽ ഒന്നാമനും രണ്ടാമനും കഴിഞ്ഞാൽ അണികളേയുള്ളൂ എന്ന് ഇപ്പോൾ മനസ്സിലായിരിക്കുന്നു. ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ ഒരു മന്ത്രിസ്ഥാനം കിട്ടുമെന്ന ആശയിൽ കഴിയുകയായിരുന്നു. അതും നടക്കില്ല എന്ന് ഇതാ വ്യക്തമായിരിക്കുന്നു. അസംബ്ലി തെരഞ്ഞെടുപ്പിൽ ജയിക്കാനെങ്കിലും കഴിഞ്ഞാൽ മതിയായിരുന്നു എന്ന ഏക പ്രാർത്ഥനയേ ജേക്കബ്ബിന് ഇനി ഉള്ളൂ.

കാര്യം കാണാൻ കഴുതക്കാലും പിടിക്കണം എന്ന പഴമൊഴി പ്രാവർത്തികമാക്കുന്നവർ സൂക്ഷിക്കുക, കഴുതയുടെ കാലിൽ പിടിക്കുന്നത് അത്ര സുരക്ഷിതമല്ല. കഴുതയുടെ കാലിന് നല്ല ബലമാണ്. കഴുത ശരിക്കൊന്ന് തൊഴിച്ചാൽ കാലു പിടിക്കാനെത്തുന്നവന് സൗജന്യമായി ഒരു ആകാശയാത്ര തരപ്പെടും. സംശയമുള്ളവർ സി.പി.ഐ.ക്ക് പറ്റിയ അമളി കേൾക്കൂ.

പി.കെ.വിക്ക് കിട്ടിയത്ര വോട്ടുകൾ പന്ന്യന് കിട്ടില്ലെന്നും തോറ്റുപോകാൻ പോലും സാദ്ധ്യതയുണ്ടെന്നും സി.പി.ഐ. വെറുതെയങ്ങു ധരിച്ചു. അതുകൊണ്ട് പലവിധ കാലുകളും ഓടിനടന്ന് പിടിച്ചു. അതൊന്നും വേണ്ടിയിരുന്നില്ലെന്ന് റിസൾട്ട് വന്നപ്പോൾ തോന്നി. പക്ഷേ പറഞ്ഞിട്ട് പ്രയോജനമില്ലല്ലോ. പിടിച്ചത് പിടിച്ചു. അത് പുലിവാലുമായി. തക്ക സമയത്ത് പിടി വിടാൻ തോന്നിയത് നന്നായി. അല്ലെങ്കിൽ കൂടുതൽ കുഴപ്പമായേനേ.

സമുദായ വഴക്കിന് ഇതാ രാഷ്ട്രീയ മുഖം ലഭിക്കുന്നു. ഇത്തവണ യു.ഡി.എഫിന് എതിരായ നിലപാട് സ്വീകരിക്കാൻ ഓർത്തഡോക്സ് പക്ഷം തീരുമാനിച്ചിരിക്കുന്നു. മറുപക്ഷം ആർക്ക് വോട്ടുചെയ്യുമെന്നറിഞ്ഞുകൂടാ.

അദ്ധ്യാപക സമരം, സർക്കാർ ജീവനക്കാരുടെ സമരം, കെ.എസ്.ആർ.റ്റി.സി. സമരം, അങ്ങനെ സമരങ്ങളുടെ ഒരു വേലിയേറ്റമുണ്ടാകുമെന്നും ഈ സർക്കാർ പരമാവധി നാറുമെന്നും കരുതിയിരുന്നവർക്ക് ഇതാ തെറ്റിയിരിക്കുന്നു. കാർമേഘം പോലെ എത്തിയ പ്രശ്നങ്ങൾ പുകപോലെ മാഞ്ഞുപോയി. ഉമ്മൻ ചാണ്ടിയെ അഭിനന്ദിക്കാതെ പറ്റില്ല.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക
പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.
പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3022356, 9447414608

# അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ തൊലിക്കട്ടി അപാരം

തൊലിക്കട്ടിയുടെ കാര്യത്തിൽ അച്ചൻകുഞ്ഞ് ഇലന്തൂരിനെ വെല്ലാൻ പെന്തക്കോസ്തിൽ ആരുമില്ല. സംശയമുള്ളവർ ഫെബ്രുവരി 20 ലക്കം മരുപ്പച്ച നോക്കുക. രണ്ടാം പേജിൽ അച്ചൻകുഞ്ഞ് എഴുതിയ എഡിറ്റോറിയൽ കാണാം. ''പവ്വർ വിഷൻ ചാനൽ'' എന്നതാണ് തലക്കെട്ട്.

അച്ചൻകുഞ്ഞ് പറയുന്നു:

''പാസ്റ്റർ കെ.സി.ജോണിന്റെ ഒരു സുന്ദര സ്വപ്നത്തിന്റെ നിവർത്തിയായി പവ്വർ വിഷൻ ചാനൽ കൈരളിക്ക് സമ്മാനമായി ലഭിച്ചിരിക്കുന്നു. സുവിശേഷം പ്രക്ഷേപണം ചെയ്യുന്ന ചാനൽ''.

കെ.സി.ജോണിന്റെ ചാനൽ പ്രക്ഷേപണം ആരംഭിച്ചത് ഫെബ്രുവരി 6ന് വൈകിട്ടാണ്. ആ പ്രക്ഷേപണം രണ്ടു മണിക്കൂർ സമയം നീണ്ടുനിന്നതായി കേൾക്കുന്നു. അത്യപൂർവ്വ ഭാഗ്യമുള്ള ചിലർ അത് കാണുകയും ചെയ്തു. ഈ ചാപിള്ളയുടെ ജനനം കഴിഞ്ഞ് 15 ദിവസം കഴിഞ്ഞാണ് അച്ചൻകുഞ്ഞ് മേല്പടി എഡിറ്റോറിയൽ പ്രസിദ്ധീകരിച്ചത്. കാണ്ടാമൃഗത്തെ തോല്പിക്കുന്ന തൊലിക്കട്ടി ഉള്ളവർക്കേ ചാനലിനേക്കുറിച്ച് ഇങ്ങനെ പറയാൻ പറ്റൂ.

ചാനൽ തുടങ്ങിയ കാര്യം എല്ലാ പെന്തക്കോസ്ത് പത്രങ്ങളും വാർത്തയാക്കിയിരുന്നു. പക്ഷേ ചാനൽ രണ്ടു മണിക്കൂർ കഴിഞ്ഞ് അപ്രത്യക്ഷമായ കാര്യം ഒരു പത്രവും എഴുതിക്കണ്ടില്ല. ചാനലിനെ വാനോളം പുകഴ്ത്തുന്ന അച്ചൻകുഞ്ഞും ചാനൽ ചത്ത കാര്യം മിണ്ടിയില്ല. സത്യം പറയാൻ ധൈര്യമുള്ള ഒരു പെന്തക്കോസ്ത് പത്രവുമില്ലെന്ന് ഒരിക്കൽക്കൂടി തെളിയുന്നു.

അച്ചൻകുഞ്ഞിന്റെ സാഹിത്യം തുടരുന്നു: ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം. ദൈവപുത്രന്റെ ജനനത്തിങ്കൽ ഈ വാർത്ത ദൂതൻമാർ വിളിച്ചു പറഞ്ഞപ്പോൾ ബേത്‌ലഹേമിനപ്പുറം മുഴങ്ങിയില്ല. സർവ്വജനത്തിനുമുണ്ടാകുവാനുള്ള മഹാസന്തോഷം ദേശാതിരുകൾക്കപ്പുറം സുവിശേഷീകരിക്കുവാനുള്ള നിയോഗം പാസ്റ്റർ കെ.സി. ജോൺ ഏറ്റുവാങ്ങുന്നു. ഇതൊരു ദൗത്യമാണ്, സാക്ഷ്യമാണ്.''

ഇതാ, ദൈവദൂതൻമാരേക്കാൾ വലിയവൻ. ഇവൻ എത്ര മഹാനെന്നു നോക്കുവീൻ. (അച്ചൻകുഞ്ഞ് പറയുന്നതിന്റെ ചുരുക്കം ഇതാണ്). കെ.സി.ജോണിന്റെ കഴിവുമായി താരതമ്യം ചെയ്യുമ്പോൾ ദൂതൻമാരുടെ കഴിവ് എത്ര നിസ്സാരം. ബേത്‌ലഹേമിനപ്പുറം സുവിശേഷം അറിയിക്കാൻ കഴിവില്ലാത്ത ദൂതനെവിടെ, ദേശാതിരുകൾക്കപ്പുറം മുഴങ്ങുന്ന ശബ്ദമുള്ള കെ.സി. ജോണെവിടെ? ഈ കഴിവൊക്കെ കെ.സി.ജോൺ ഇത്രക്കാലം എവിടെ ഒളിച്ചു വെച്ചിരുന്നു എന്നു കൂടി പറയേണ്ടതായിരുന്നു.

പുത്തൻ സാങ്കേതിക വിദ്യയെ എതിർക്കുന്നവർക്കെതിരെ അച്ചൻകുഞ്ഞ് ശക്തിയായി പ്രതികരിക്കുന്നു. കെ.സി.ജോണിനെ എതിർക്കുന്നവർ പുരോഗമനത്തിന്റെ ശത്രുക്കളാണെന്ന് വരുത്തിത്തീർക്കാനാണ് ശ്രമം. പക്ഷേ സാമാന്യ വിവരമെങ്കിലും ഉള്ള ആരും ടി.വി. ഉൾപ്പെടെയുള്ള മാദ്ധ്യമങ്ങളെ എതിർക്കയില്ല എന്ന വസ്തുത അച്ചൻകുഞ്ഞ് പരിഗണിക്കുന്നില്ല. (ഡിഫെൻഡർ എതിർക്കുന്നത് ടി.വി. എന്ന മാദ്ധ്യമത്തെ അല്ല, ചാനലിന്റെ പേരിൽ കെ.സി.ജോൺ നടത്തുന്ന തട്ടിപ്പുകളേയാണ്).

കെ.സി.ജോണിനെ പുകഴ്ത്താൻ അച്ചൻകുഞ്ഞിന് വാക്കുകൾ മതിയാകാത്ത സ്ഥിതിയണുള്ളത്. ചാനൽ തുടങ്ങിയതിലൂടെ കെ.സി.ജോൺ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രേഷിത ഉത്തരവാദിത്വം ഏറ്റെടുക്കുകയാണെന്നുവരെ അച്ചൻകുഞ്ഞ് പറഞ്ഞുവെയ്ക്കുന്നു. നമ്മുടെ ഭൗതിക നൻമകൾ, സമയം, കഴിവുകൾ, പ്രാർത്ഥന തുടങ്ങിയതെല്ലാം കെ.സി.ജോണിന് കൊടുക്കണമെന്നും അച്ചൻകുഞ്ഞ് നിർദ്ദേശിക്കുന്നു.

രണ്ടു മണിക്കൂർ മാത്രം നിലനിന്ന ഒരു ചാനലിനേക്കുറിച്ചാണ് പതിനഞ്ചു ദിവസം കഴിഞ്ഞ് അച്ചൻകുഞ്ഞ് ഇങ്ങനെയൊക്കെ പറയുന്നത്. ചാനൽ നിന്നുപോയ കാര്യം സൂചിപ്പിക്കുന്നുപോലുമില്ല. രാഷ്ട്രീയക്കാരെ വെല്ലുന്ന തൊലിക്കട്ടിയുണ്ടെങ്കിൽ മാത്രമേ ഇങ്ങനെയൊക്കെ പറയാൻ പറ്റൂ.

എന്തുകൊണ്ടാണ് കെ.സി.ജോണിനെ അച്ചൻകുഞ്ഞ് ഇത്രയധികം പുകഴ്ത്തുന്നത്? പറയാം. കെ.സി.ജോണിന്റെ പ്രസംഗങ്ങൾ സി.ഡിയാക്കി വിൽക്കുന്നവരിൽ പ്രമുഖനാണ് അച്ചൻകുഞ്ഞ്. കെ.സി.ജോൺ മഹാനാണെന്ന് സ്ഥാപിക്കേണ്ടത് ബിസിനസ്സിന് ആവശ്യമാണ്. മരുപ്പച്ച ദ്വൈവാരികയ്ക്ക് ചാനലിന്റെ പരസ്യങ്ങൾ കിട്ടാനും ഈ സ്തുതിഗീതം സഹായകമാകും.

പത്രധർമ്മം എന്തെന്നറിയാതെ പത്രമിറക്കുന്ന അച്ചൻകുഞ്ഞിനേപ്പോലുള്ളവർ പൊതുജനങ്ങളെ വഴി തറ്റിക്കയാണ്. ചാനലിന്റെ പേരു പറഞ്ഞ് കെ.സി.ജോൺ ഇതിനോടകം കോടികൾ തട്ടിയെടുത്തു കഴിഞ്ഞു. എന്നിട്ടും ചാനൽ വെറും സ്വപ്നമായി അവശേഷിക്കയാണ്. ഇതെല്ലാം അറിഞ്ഞിരുന്നിട്ടും അച്ചൻകുഞ്ഞ് കെ.സി.ജോണിനു പണം കൊടുക്കാൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. കെ.സി. ജോൺ ചാനൽ പൂട്ടിക്കെട്ടിക്കഴിയുമ്പോൾ അച്ചൻകുഞ്ഞ് ഊരാക്കുടുക്കിലാകുമെന്നു തീർച്ച.

# ചവറും കുറെ വസ്തുതകളും

കെ.സി.ജോണിന്റെ ചവർ ചാനൽ ഒന്നാംതരം തട്ടിപ്പാണെന്ന് ഡിഫെൻഡർ പറഞ്ഞിട്ട് മിക്കവരും വിശ്വസിച്ചില്ല. ഇപ്പോഴും വിശ്വസിക്കാത്തവരുമുണ്ട്. എല്ലാവരേയും കുറേക്കാലവും കുറേപ്പേരേ എല്ലാക്കാലവും കബളിപ്പിക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും കബളിപ്പിക്കാനാവില്ല എന്ന് കെ.സി.ജോൺ അറിഞ്ഞാൽ നന്ന്.

മകന് എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിക്കാൻ കൈക്കൂലി കൊടുത്ത 23 ലക്ഷം രൂപ ചാനലിന്റെ വകയല്ലെന്നും കമ്പനിയേക്കുറിച്ച് അറിവില്ലാത്തവരാണ് ഇത്തരത്തിലുള്ള ആരോപണം ഉന്നയിക്കുന്നതെന്നും മറ്റും കെ.സി.ജോൺ പറയുന്നു. സാധുക്കളെ കബളിപ്പിക്കാനുള്ള ശ്രമമാണ് വീണ്ടും കെ.സി.ജോൺ നടത്തുന്നത്. മകന് അഡ്മിഷൻ ലഭിക്കാൻ 23 ലക്ഷം രൂപ കൈക്കൂലി കൊടുത്തെന്ന് സമ്മതിച്ചതിൽ സന്തോഷമുണ്ട്. ആ പണം എവിടെനിന്ന് ലഭിച്ചു എന്ന കാര്യത്തിലേ തർക്കമുള്ളൂ.

10 രൂപ മുഖവിലയുള്ള 100 ഷെയറുകൾ വീതമാണ് കമ്പനി നൽകുന്നത്. കുറഞ്ഞപക്ഷം ആയിരം രൂപയെങ്കിലും കൊടുക്കാതെ ഷെയർ കിട്ടില്ല എന്നു ചുരുക്കം. ആയിരം രൂപയിൽ കുറവ് കൊടുത്തവർക്ക് എന്തുകിട്ടി എന്ന് കെ.സി.ജോൺ പറയുന്നില്ല. ആയിരം രൂപയിൽ താഴെ ആരും കൊടുത്തിട്ടില്ലെന്നാണ് വാദമെങ്കിൽ അത് തുറന്നു പറയണം. ആയിരം രൂപയോ അതിൽ അധികമോ കൊടുത്ത എല്ലാവർക്കും ഷെയർ കൊടുത്തു കഴിഞ്ഞോ?

അമേരിക്കയിൽ ഒരിടത്ത് സ്തോത്രക്കാഴ്ച എടുത്ത പണം കിട്ടിയില്ല എന്ന് കെ.സി.ജോൺ പറയുന്നു. അത് കിട്ടിയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? സ്തോത്രക്കാഴ്ച ഇട്ടവർക്കെല്ലാം ഷെയർ കൊടുക്കുമായിരുന്നോ? അതോ സ്തോത്രക്കാഴ്ച എടുത്ത സഭക്ക് ഷെയർ നൽകുമായിരുന്നോ? ഒരു സഭയിൽ എടുത്ത സ്തോത്രക്കാഴ്ചയല്ലേ കിട്ടാതെ പോയുള്ളൂ. മറ്റു സഭകളിൽ എടുത്ത സ്തോത്രക്കാഴ്ച എന്തുചെയ്തു? അത് ഷെയറാക്കിയോ? ആക്കിയെങ്കിൽ ആരുടെ പേരിൽ? മറ്റൊരു സഭയിലും സ്തോത്രക്കാഴ്ച എടുത്തില്ല എന്നാണ് വാദമെങ്കിൽ അത് പരസ്യമായി പറയണം. പൊതുജനം അറിയട്ടെ.

ചാനലിന്റെ ആകെ ചെലവ് 25 കോടിയാണെന്നും അതിന്റെ മൂന്നിൽ ഒന്ന് സൗദിയിൽ നിന്ന് കിട്ടിക്കഴിഞ്ഞെന്നും രണ്ടു കൊല്ലം മുൻപ് കെ.സി.ജോൺ പത്രസമ്മേളനത്തിൽ പറഞ്ഞതാണ്. അത് സത്യമായിരുന്നോ? ആയിരുന്നു എങ്കിൽ ആ എട്ടുകോടി എവിടെ? അന്നു പറഞ്ഞത് പച്ചക്കള്ളമായിരുന്നു എങ്കിൽ അത് ഏറ്റു പറയണം.

വളരെകുറച്ചു പണമേ അമേരിക്കയിൽ നിന്നും കിട്ടിയുള്ളൂ എന്ന് കെ.സി.ജോൺ പറയുന്നു. കാരണമുണ്ട്. അമേരിക്കയിലുള്ള വളരെപ്പേർ ഡിഫെൻഡർ വായിക്കുന്നുണ്ട്. കുവൈറ്റിൽ നിന്നാണ് ഏറ്റവും അധികം പണം ലഭിച്ചത് എന്നും കെ.സി.ജോൺ പറയുന്നു. ഡിഫെൻഡറിന് കുവൈറ്റിൽ ഏറെ വരിക്കാരില്ല എന്നതുതന്നെ കാരണം. (ഡിഫെൻഡർ വായിച്ചാൽ ഇങ്ങനെ ചില ഗുണങ്ങളൊക്കെയുണ്ട്). ഒരു കാര്യം ഉറപ്പ്: കെ.സി.ജോണിന് പണം കൊടുത്തവർ ആ പണം ഇനി ഒരിക്കലും കാണുകയില്ല.

ഡിഫെൻഡർ ഇങ്ങനെയൊക്കെ പറഞ്ഞതുകൊണ്ട് വലിയ പ്രയോജനമൊന്നും ഇല്ലെന്ന് അറിയാം. എങ്കിലും പറയാതിരിക്കുന്നതെങ്ങനെ? പൊതുജനത്തിന് മുന്നറിയിപ്പ് കൊടുക്കുക എന്നത് പത്രധർമ്മത്തിന്റെ ഭാഗമാണ്. മറ്റു പെന്തക്കോസ്ത് പത്രങ്ങൾ കെ.സി.ജോണിനേപ്പോലുള്ള കള്ളൻമാർക്ക് സ്തുതി പാടുമ്പോൾ ഡിഫെൻഡറെങ്കിലും സത്യം തുറന്നു പറയണമല്ലോ.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3022356, 9447414608




# ഇറാഖ് മറ്റൊരു വിയറ്റ്നാം ആകുമോ?




(2003 ഡിസംബർ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചതാണ് ഈ ലേഖനം. ഇറാക്കിൽ എന്ത് നടക്കുമെന്ന് മുൻകൂട്ടി കാണാൻ ഡിഫെൻഡറിന് കഴിഞ്ഞു എന്ന് ഈ ലേഖനം തെളിയിക്കുന്നു).

ഇറാഖിൽ വിയറ്റ്നാം ആവർത്തിക്കയാണോ? ഈ ദിവസങ്ങളിലെ സംഭവങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. മൂന്നു പതിറ്റാണ്ടിൽ അധികം മുൻപ് വിയറ്റ്നാമിനെ ആക്രമിക്കാൻ നിരത്തിയതിനു സമാനമായ ന്യായങ്ങൾ നിരത്തിയാണ് അമേരിക്ക ഇറാഖിനെ ആക്രമിച്ചത്. തുടർന്നുള്ള സംഭവങ്ങളും ഏറെക്കുറെ ഒന്നുതന്നെ.

അമേരിക്ക നടത്തിയ യുദ്ധങ്ങളിൽ ഏറ്റവും ഹീനം വിയറ്റ്നാം യുദ്ധമായിരുന്നു എന്നാണ് ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നത്. നാല്പത്തെണ്ണായിരം അമേരിക്കൻ പടയാളികൾ വിയറ്റ്നാമിൽ മരിച്ചുവീണു. യുദ്ധത്തിൽ എത്ര വിയറ്റ്നാംകാർ മരിച്ചു എന്ന് കണക്കാക്കപ്പെട്ടിട്ടില്ല. 150ബില്ല്യൻ ഡോളർ അമേരിക്ക വിയറ്റ്നാം യുദ്ധത്തിനായി ചെലവഴിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിൻെറ സന്തതിയാണ് വിയറ്റ്നാം യുദ്ധം എന്ന് പറയാം. എങ്കിലും വിയറ്റ്നാമിൽ അമേരിക്ക ഇടപെടാൻ തുടങ്ങിയത് 1955ൽ ആയിരുന്നു. വിയറ്റ്നാമിൽ കമ്യൂണിസം പ്രചരിക്കുന്നത് തടയുകയായിരുന്നു അമേരിക്കയുടെ ഹിഡൺ അജണ്ട. വിയറ്റ്നാം ഏകീകരിക്കുന്നത് തടയാനായി അമേരിക്ക 1965ൽ യുദ്ധം ആരം



ഭിച്ചു. 1973ൽ ഉണ്ടായ ഉടമ്പടിയോടെയാണ് യുദ്ധം അവസാനിച്ചത്. നേട്ടങ്ങളേക്കാൾ കോട്ടങ്ങൾക്ക് കാരണമായ ഈ യുദ്ധം ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി കണക്കാക്കപ്പെടുന്നു.

വിയറ്റ്നാം അമേരിക്കക്ക് ഭീഷണിയാണ് എന്നൊരു ആരോപണം ഉന്നയിച്ചാണ് അമേരിക്ക യുദ്ധം നടത്തിയത്. ഇറാഖ് യുദ്ധത്തിന് അമേരിക്ക കണ്ടെത്തിയ ന്യായീകരണവും ഇതുതന്നെ. രണ്ടു സന്ദർഭങ്ങളിലും അമേരിക്ക ലോകത്തെ മാത്രമല്ല, സ്വന്തം ജനങ്ങളേയും വ്യാജ പ്രചരണങ്ങളിലൂടെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. വിയറ്റ്നാമിലെ കമ്യൂണിസവും ഇറാഖിലെ ഭീകരവാദവും അമേരിക്കക്ക് ഭീഷണിയാണെന്നത്രേ അമേരിക്ക വാദിച്ചത്. ഉടൻ എന്തെങ്കിലും ചെയ്തില്ലെങ്കിൽ അമേരിക്കൻ ജനതക്ക് നിലനിൽപ്പില്ല എന്നൊരു ധാരണ പരത്തി അമേരിക്കൻ പ്രസിഡന്റ് ജനങ്ങളുടേയും കോൺഗ്രസ്സിൻെറയും പിൻതുണ നേടി. അങ്ങനെ യുദ്ധം ആരംഭിച്ചു.

യുദ്ധത്തിൻെറ ആദ്യ നാളുകളിൽ രണ്ടിടത്തും അമേരിക്ക വിജയിച്ചു. പക്ഷേ, ആ വിജയം ഏറെക്കാലം നീണ്ടു നിന്നില്ല. അമേരിക്ക പുലിവാല് പിടിക്കുകയായിരുന്നു എന്ന് ഏറെ താമസിയാതെ വ്യക്തമായി. യുദ്ധം വിജയിച്ചു എന്നത് അമേരിക്കയുടെ തോന്നലായിരുന്നു. ജനങ്ങളുടെ സ്വരാജ്യസ്നേഹം ഉണർന്നതോടെ അമേരിക്ക വിഷമിച്ചു. വിദേശികൾക്കെതിരെ വിയറ്റ്നാം ജനത സർവ്വശക്തിയും സംഭരിച്ച് പോരാടി. അതുപോലെ ഇപ്പോൾ ഇറാഖി ജനതയും പോരാടുകയാണ്.

വിയറ്റ്നാം യുദ്ധത്തിന് ആരംഭം കുറിച്ച പ്രസിഡന്റ് ലിൻഡൻ ജോൺസൻെറ ജനപ്രീതി അനുദിനം കുറഞ്ഞു വന്നതുപോലെ പ്രസിഡന്റ് ബുഷിൻെറ ജനസമ്മതിയും കുറഞ്ഞുകൊണ്ടിരിക്കയാണ്. അമേരിക്കൻ പട്ടാളക്കാരെ പ്രസിഡന്റ് അനാവശ്യമായി ഇറാഖിൽ കുരുതി കൊടുക്കുന്നു എന്ന് അമേരിക്കൻ ജനത കരുതുന്നു. വിയറ്റ്നാം യുദ്ധകാലത്തും ഇതുതന്നെയായിരുന്നു സ്ഥിതി.

ഒളിപ്പോരിലൂടെയാണ് വിയറ്റ്നാം ജനത പ്രതികരിച്ചത്. അമേരിക്കൻ പട്ടാളക്കാർക്ക് ഇതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിഞ്ഞതുമില്ല. ഇറാഖിൽ ഇപ്പോൾ നടക്കുന്നതും ഇതുതന്നെ. സദ്ദാം ഹുസൈൻെറ പട്ടാളക്കാരെ തോല്പിക്കാനും സദ്ദാം ഭരണത്തിന് അറുതി വരുത്താനും അമേരിക്കക്ക് വളരെ എളുപ്പം കഴിഞ്ഞു. പക്ഷേ, പ്രശ്നം അവിടംകൊണ്ട് തീരുന്നില്ല. മാതൃരാജ്യത്തുനിന്നും വിദേശികളെ പുറത്താക്കിയേ അടങ്ങൂ എന്ന വാശിയിലാണ് ഇറാഖികൾ. വിയറ്റ്നാംകാരേപ്പോലെ അവരും ഒളിപ്പോര് നടത്തുന്നു. അതിൽ അവർ വിജയിക്കുന്നുണ്ട്. അമേരിക്ക ശരിക്കും വെള്ളം കുടിക്കുന്നുമുണ്ട്.

രണ്ടു യുദ്ധങ്ങളിലും അമേരിക്ക ശത്രുവിനെ വില കുറച്ചുകണ്ടു. അത് പരാജയം ക്ഷണിച്ചുവരുത്തി. ആയുധബലം കൊണ്ട് ശത്രുവിനെ വളരെയെളുപ്പം കീഴടക്കാമെന്ന ചിന്ത അസ്ഥാനത്തായി. ആത്മാഭിമാനവും സ്വരാജ്യസ്നേഹവും ജനങ്ങളെ ചാവേറുകളാക്കുമെന്ന് അമേരിക്ക മനസ്സിലാക്കിയില്ല. യുദ്ധം എന്നാൽ എന്ത് എന്ന് വൈറ്റ് ഹൗസിലെ എ.സി. മുറിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർക്കല്ല, യുദ്ധക്കളത്തിൽ നിൽക്കുന്ന പട്ടാളക്കാർക്കാണ് നന്നായി അറിയാൻ കഴിയുക എന്ന വസ്തുത ലിൻഡൺ ജോൺസണും ബുഷും പരിഗണിച്ചില്ല.

വിയറ്റ്നാമിൽ അമേരിക്ക പാടുപെട്ടതിലും അധികം ഇറാഖിൽ ബുദ്ധിമുട്ടും എന്നാണ് രാഷ്ട്രതന്ത്രജ്ഞർ വിലയിരുത്തുന്നത്. വിയറ്റ്നാമിൽ ഒരു സർക്കാരിനെതിരെയായിരുന്നു അമേരിക്ക യുദ്ധം നടത്തിയത്. അവിടെ ഒരു ഭരണസംവിധാനവും ഉണ്ടായിരുന്നു. ഇന്ന് ഇറാഖിൽ ഇതൊന്നുമില്ല. ഒളിഞ്ഞിരുന്ന് ആക്രമിച്ചിട്ട് ഓടിയൊളിക്കുന്ന ശത്രുവിനെതിരെ അമേരിക്കൻ പട്ടാളത്തിന് ഏറെയൊന്നും ചെയ്യാൻ കഴിയില്ലെന്നു വ്യക്തം. നാണം കെടുന്നതിനുമുൻപേ വല്ലവിധേനയും തലയൂരിക്കൊണ്ട് പോയാൽ മതി എന്ന ചിന്തയിലാണ് ഇപ്പോൾ അമേരിക്ക.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** പെന്തക്കോസ്ത് വിശ്വാസികൾ കഥാപാത്രങ്ങളായി ഒരു സിനിമ ഇറങ്ങിയതുമായി ബന്ധപ്പെട്ട് ഒട്ടേറെ വിവാദങ്ങൾ നടക്കുന്ന കാലമാണിത്. ഇതേപ്പറ്റി ഡിഫെൻഡർ എന്തു പറയുന്നു?

■ ഇങ്ങനെയൊരു സിനിമ ഇറങ്ങി എന്നു കേട്ടു. പക്ഷേ എന്താണ് ആ സിനിമയിലുള്ളത് എന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട് അഭിപ്രായം പറയുന്നുമില്ല. എങ്കിലും പൊതുവായ ചില കാര്യങ്ങൾ പറയാം.

പെന്തക്കോസ്തുകാരെ ഒരു സമൂഹമെന്ന നിലയിൽ അവഹേളിക്കുന്നതാണ് ആ ചിത്രം എന്ന് തോന്നുന്നില്ല. കഥാപാത്രങ്ങൾ പെന്തക്കോസ്തുകാരാണെന്നു മാത്രം. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഒക്കെ സിനിമയിൽ കഥാപാത്രങ്ങളായി വരുന്നു. അവർ നല്ലതും ചീത്തയുമായി പലതും ചെയ്യുന്നു. പെന്തക്കോസ്ത് കഥാപാത്രങ്ങളുടെ കാര്യവും ഇങ്ങനെതന്നെ. ഇത് ഒരു വിവാദവിഷയം ആക്കേണ്ട ആവശ്യമില്ല.

സിനിമ കാണാത്ത പെന്തക്കോസ്തുകാരെ എന്തിന് കഥാപാത്രമാക്കി എന്നാണ് ചിലരുടെ ചോദ്യം. സിനിമ കാണുന്നവരെ മാത്രമേ കഥാപാത്രമാക്കാവൂ എന്ന് നിയമമുണ്ടോ? മാത്രമല്ല, പെന്തക്കോസ്തുകാർ സിനിമ കാണുന്നില്ല എന്ന് എങ്ങനെ പറയാൻ കഴിയും? ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഇക്കാലത്ത് സിനിമ കാണുന്നുണ്ട്.

പെന്തക്കോസ്തിലെ ആദ്യകാല നേതാക്കൻമാർ വലിയ ഭക്തരായിരുന്നു എന്നതിന് സംശയമില്ല. എങ്കിലും അതിഭക്തിമൂലം അവർ കുറച്ചധികം അബദ്ധ സിദ്ധാന്തങ്ങൾ തിരുവചന സത്യങ്ങൾ എന്ന നിലയിൽ അവതരിപ്പിച്ചു. ദൈവീക രോഗശാന്തി എന്ന പേരിൽ അറിയപ്പെടുന്ന വിഡ്ഢിത്തം തന്നെ നല്ല ഉദാഹരണം. ദൈവത്താൽ അസാദ്ധ്യമായി ഒന്നുമില്ല. രോഗശാന്തി നൽകാനും ദൈവത്തിന് കഴിയും. പക്ഷേ, മരുന്നു കഴിക്കുന്നത് പാപമാണെന്നോ അവിശ്വാസമാണെന്നോ ബൈബിൾ പറയുന്നില്ല. ഈ വസ്തുതകളൊന്നും പരിഗണിക്കാതെയാണ് പെന്തക്കോസ്തിന്റെ ആദ്യകാല നേതാക്കൻമാർ രോഗശാന്തിയുടെ പേരിൽ ബഹളം കൂട്ടിയത്. മരുന്നു കഴിക്കുന്നവരെ അക്കാലത്ത് സഭയിൽ നിന്നും പുറത്താക്കുമായിരുന്നു. സിനിമയോടുള്ള വിരോധത്തിന്റെ പിന്നിലും ഈ വിധത്തിലുള്ള ചിലതൊക്കെയാണുള്ളത്. കുടുംബസമേതം കാണാൻ കൊള്ളാത്ത ചിത്രങ്ങളുണ്ട് എന്നത് ശരിതന്നെ. പക്ഷേ, ഒരു വിധത്തിലുള്ള വൃത്തികേടുകളും ഇല്ലാത്ത സിനിമകളുമുണ്ട്. ഏങ്കിലും ഒരു സിനിമ നല്ലതാണോ ചീത്തയാണോ എന്ന് മുൻകൂട്ടി അറിയാനാവില്ലല്ലോ. അതുകൊണ്ട് വിശ്വാസികൾ സിനിമ കാണാനായി തിയേറ്ററുകളിൽ പോകുന്നത് വിലക്കിയത് ഒരളവുവരെയേങ്കിലും നല്ല കാര്യമാണ്.

സിനിമയോടുള്ള മനോഭാവത്തിൽ പിൽക്കാലത്ത് മാറ്റമുണ്ടായി. സുവിശേഷ പ്രചരണത്തിന്റെ ഭാഗമായി മിശിഹാചരിത്രം പ്രദർശിപ്പിച്ചുകൊണ്ടാണ് പെന്തക്കോസ്തുകാർ സിനിമാരംഗത്തേക്ക് കടന്നതെന്ന് തോന്നുന്നു. ഏറെ താമസിയാതെ, ബൈബിളുമായി ബന്ധമുള്ള മറ്റു ചില ചിത്രങ്ങൾ കൂടി പ്രദർശിപ്പിക്കാൻ തുടങ്ങി. എന്നാൽ പെന്തക്കോസ്തുകാരുടെ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിൽ ടി.വി. വഹിച്ച പങ്ക് ചെറുതല്ല. പെന്തക്കോസ്തുകാർ റേഡിയോ വാങ്ങുന്നത് പാപമായി കണക്കാക്കിയിരുന്ന കാലമുണ്ടായിരുന്നു. റേഡിയോയിലൂടെ സിനിമാപ്പാട്ട് കേൾക്കും എന്നതായിരുന്നു എതിർപ്പിന്റെ കാരണം. പക്ഷേ, വലിയ എതിർപ്പൊന്നും കൂടാതെ ടേപ്പ് റിക്കോഡറുകൾ അംഗീകരിക്കപ്പെട്ടു. ടി.വി. എത്തിയപ്പോൾ ശക്തമായ എതിർപ്പുണ്ടായി. ഇന്നും ടി.വിയെ എതിർക്കുന്നവരുണ്ട്. പക്ഷേ, പെന്തക്കോസ്ത് നേതാക്കൻമാരുടെ വീടിന്റെ സ്വീകരണ മുറിയിൽ വരെ ടി.വി. സ്ഥാനം പിടിച്ചതോടെ എതിർപ്പ് കെട്ടടങ്ങി.

സിനിമ ഉൾപ്പെടെയുള്ള എല്ലാ പ്രോഗ്രാമുകളും ടി.വിയിൽ ഉണ്ട്. ആദ്യകാലത്തൊക്കെ ന്യൂസും അതുപോലുള്ള നല്ല പ്രോഗ്രാമുകളും മാത്രമേ ഭൂരിപക്ഷം വിശ്വാസികളും കണ്ടിരുന്നുള്ളൂ. പക്ഷേ, ഇപ്പോൾ സ്ഥിതി അതല്ല. കരച്ചിൽ സീരിയലുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രോഗ്രാമുകളും പെന്തക്കോസ്തുകാർ കാണും.

സിനിമയുടെ കാര്യമാണല്ലോ പറഞ്ഞു വരുന്നത്. ടി.വിയിൽ പ്രക്ഷേപണം ചെയ്യുന്ന സിനിമകൾ കാണാമെങ്കിൽ എന്തുകൊണ്ട് വീഡിയോ കാസറ്റിലെ സിനിമ കണ്ടുകൂടാ? വീഡിയോ കാസറ്റ് ആകാമെങ്കിൽ എന്തുകൊണ്ട് വീഡിയോ സി.ഡി. ആയിക്കൂടാ? അങ്ങനെ വീഡിയോ സി.ഡിയും കാണാൻ തുടങ്ങി. വീട്ടിലിരുന്ന് സകലമാന സിനിമയും കാണാമെങ്കിൽ എന്തു കൊണ്ട് തിയേറ്ററിൽ പോയി സിനിമ കണ്ടുകൂടാ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിലാണ് ഇപ്പോൾ പെന്ത ക്കോസ്തുകാർ.

സിനിമയെ അന്ധമായി എതിർക്കുന്നതിൽ അർത്ഥമില്ല. എന്തിന്റേയും ഉപയോഗം നല്ലതുതന്നെ. പക്ഷേ, ദുരുപയോഗം ഒഴിവാക്കേണ്ടതാണ്. സുവിശേഷീകരണത്തിന് ദൃശ്യമാദ്ധ്യമം എത്രത്തോളം സഹായകമാണെന്ന് പറയേണ്ടതില്ല. ഈ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം. വിദ്യാഭ്യാസ രംഗത്തും ദൃശ്യമാദ്ധ്യമങ്ങൾക്ക് അനന്തമായ സാദ്ധ്യതകളാണുള്ളത്. അതും പ്രയോജനപ്പെടുത്തണം. പക്ഷേ, സിനിമയുടെ ചീത്തവശങ്ങളെ കണ്ടില്ലെന്നു നടിക്കാനുമാവില്ല.

സിനിമാശാലകൾക്കെതിരെ ബൈബിളിൽ പ്രവചനമുണ്ടെന്നും മറ്റുമുള്ള വ്യാഖ്യാനത്തിൽ കഥയില്ല. ടി.വിയും മറ്റും ഇത്രത്തോളം പ്രചാരം നേടിയിരിക്കുന്ന ഇക്കാലത്ത് പെന്തക്കോസ്തുകാർ സിനിമ കാണുന്നത് ഫലപ്രദമായി നിരോധിക്കാനാവില്ല. അതുകൊണ്ട് ബോധവത്ക്കരണമാണ് സ്വീകാര്യം. പക്ഷേ ബോധമില്ലാത്തവർ എങ്ങനെ ബോധവത്ക്കരിക്കും?

# കുമളിയിലെ കുരിശുയുദ്ധം നടക്കാൻ ഇടയില്ല

കുമളിയിൽ കുരിശുയുദ്ധം നടത്താനുള്ള ശ്രമം പാളുന്നതായി അറിയുന്നു. വെഷപ്പിനെ എത്തിക്കാമെന്നേറ്റ സാം കുഴിക്കാലയുടെ കഥകൾ പരസ്യമായതോടെയാണ് കുരിശുയുദ്ധം കുഴപ്പത്തിലായത്.

എവിടെ വമ്പൻ ക്രൂസേഡുണ്ടോ അവിടെ സണ്ണി ഇലഞ്ഞിമറ്റവും ഉണ്ട് എന്നതാണ് സ്ഥിതി. ശതാബ്ദി സമ്മേളനം പോലെ ഒരെണ്ണം സ്വന്ത ദേശമായ കുമളിയിൽ നടത്തി ഷൈൻ ചെയ്യണമെന്ന് സണ്ണിക്കു തോന്നിയതിൽ അത്ഭുതമില്ല. അതിന് വെഷപ്പിനെ മുഖ്യ പ്രസംഗകനായി നിശ്ചയിച്ചതും സ്വാഭാവികം. സകല വിദേശ പ്രസംഗകരുടേയും പി.ആർ.ഒ. ആയി സ്വയം പ്രഖ്യാപിച്ചിരിക്കുന്ന സാം കുഴിക്കാല വെഷപ്പിനെ കൊണ്ടുവരാമെന്ന് ഏൽക്കുകകൂടി ചെയ്തതോടെ സംഗതി ഒത്തു എന്ന് സണ്ണിക്കു തോന്നി. പക്ഷേ, കേരളശബ്ദത്തിൽ വാർത്ത വന്നതോടെ സണ്ണി കുഴഞ്ഞിരിക്കയാണ്. ഇടുക്കി ജില്ലയിലുള്ള സകല പാസ്റ്റർമാരേയും ഉൾപ്പെടുത്തി കമ്മറ്റി ഉണ്ടാക്കിക്കഴിഞ്ഞു. ഇനി മീറ്റിംഗ് വേണ്ടെന്നു വെയ്ക്കുന്നതെങ്ങനെ? മീറ്റിംഗ് നടത്താമെന്നു വെച്ചാൽ വെഷപ്പ് വരുമെന്ന് ഉറപ്പില്ല. ഇപ്പോൾത്തന്നെ മുങ്ങി നടക്കുന്ന കുഴിക്കാല ക്രൂസേഡിന് ഉണ്ടാകുമെന്ന് പറയാനാവുമോ? ആകെക്കൂടി കുഴഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

# യുവജനയുദ്ധത്തിന് അരങ്ങൊരുങ്ങുന്നു

തൃശൂർ പൂരത്തിന് സാമ്പിൾ വെടിക്കെട്ടുണ്ട്. അതുപോലെ ഐ.പി.സി. ഇലക്ഷൻ എന്ന പൂരത്തിനു മുൻപായി പി.വൈ.പി.എ. ഇലക്ഷൻ എന്ന ചിന്ന ഇലക്ഷനുണ്ട്. ഈ മാസം 18ന് അത് നടക്കും.

പി.വൈ.പി.എ. അംഗത്വത്തിനുള്ള കൂടിയ പ്രായപരിധി 35 വയസ്സാണ്. പക്ഷേ ഇലക്ഷൻ നടക്കുന്ന ദിവസം 35 വയസ്സെന്ന പരിധി കടക്കാത്ത ആർക്കും സ്ഥാനാർത്ഥിയാകാം. തെരഞ്ഞെടുക്കപ്പെടുന്നതിന്റെ പിറ്റേന്ന് 35 കഴിഞ്ഞാൽ കുഴപ്പമില്ല. സാധാരണക്കാർക്ക് 35 കഴിഞ്ഞാൽ അംഗത്വം നഷ്ടപ്പെടും. പക്ഷേ ഭാരവാഹിക്ക് 38 വയസ്സ് വരെ തുടരാം.

അടിപീസിയുടെ ജീർണ്ണത മുഴുവൻ വെളിവാക്കുന്ന തെരഞ്ഞെടുപ്പു കോലാഹലങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അക്ഷരാർത്ഥത്തിലുള്ള അടിപിടി കൂടാതെ സംഭവം നടന്നു കിട്ടിയാൽ ഭാഗ്യം.

# കരവാളൂർ എ.ജി. പൂട്ടി

ഒരതിരു വരെയെങ്കിലും മാന്യമായി നടന്നുപോകുന്ന പ്രസ്ഥാനമാണ് എ.ജി. പക്ഷേ നേതൃത്വത്തിന്റെ പിടിപ്പുകേടുകൊണ്ട് നിരവധി എ.ജി. സഭകൾ ഇന്ന് പ്രശ്നസങ്കീർണ്ണമാണ്. സഭാകേന്ദ്രത്തിന്റെ മൂക്കിനുതാഴെയുള്ള പുനലൂർ ടൗൺ ചർച്ചിലും കരവാളൂർ സഭയിലും പത്തനാപുരത്തും ഒക്കെ നടക്കുന്ന കാര്യങ്ങൾ ഡിഫെൻഡർ അറിയുന്നില്ല എന്ന് ധരിക്കരുത്. എങ്ങനെയെങ്കിലും പ്രശ്നങ്ങൾ തീരുന്നെങ്കിൽ തീരട്ടെ എന്നു കരുതി മൗനമായിരുന്നു എന്നു മാത്രം.

ഏറ്റവും അധികം പ്രശ്നമുള്ളത് കരവാളൂർ എ.ജിയിലാണ്. ഇപ്പോഴത്തെ നേതാവായ ടി.ജെ.ശമുവേലിന് നന്നായി അറിയാവുന്ന സഭയാണ് കരവാളൂർ എ.ജി. പുനലൂരിന് സമീപമാണ് ഈ സ്ഥലം എന്നതും ശ്രദ്ധേയമാണ്. എന്നിട്ടും ആ സഭയിലുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സഭാനേതൃത്വത്തിന് കഴിഞ്ഞിട്ടില്ല. അടിപിടിയും ബഹളവും കാരണം സഭായോഗം പോലും നടത്താൻ കഴിയുന്നില്ല. ഇപ്പോൾ സഭാഹാൾ പൂട്ടുകയും ചെയ്തിരിക്കുന്നു.

പ്രാദേശിക സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ സംഘടനയെന്തിന്? സംഘടനയ്ക്ക് നേതാക്കൻമാർ എന്തിന്. സഭ ഭരിക്കാൻ അറിയില്ലെങ്കിൽ ടി.ജെ.ശമുവേൽ രാജി വെച്ച് പുറത്തുപോകട്ടെ.

# ബിലീവർ പ്രീച്ചർ എന്താണപ്പാ?

ബിലീവർ പ്രീച്ചർ എന്നൊരു അത്ഭുത ജീവിയേക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ഐ.പി.സിയിൽ ഇങ്ങനെയൊരെണ്ണം ഈയിടെ ഉണ്ടായിരിക്കുന്നു. മരുപ്പച്ച ദ്വൈവാരികയുടെ ഫെബ്രുവരി 20 ലക്കത്തിലുള്ള ഒരു വാർത്ത:

''ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ സ്റ്റേറ്റ് കൗൺസിൽ മെമ്പർ എം.വർഗീസിനെ വിശ്വാസപ്രഭാഷകനായി അംഗീകരിച്ചു. ഐ.പി.സിയിൽ ആദ്യമായാണ് ഒരു സഹോദരനെ ബിലീവർ പ്രീച്ചർ ആയി അംഗീകരിക്കുന്നത്.''

എല്ലാ സുവിശേഷകരും ബിലീവർ ആയശേഷമാണ് പ്രഭാഷണം തുടങ്ങുക എന്നാണ് നാം ധരിച്ചുവെച്ചിരിക്കുന്നത്. ഈ ധാരണ തെറ്റാണെന്ന് ഇതാ ഐ.പി.സി. തെളിയിക്കുന്നു. ആദ്യമായാണ് ഒരു സഹോദരനെ ബിലീവർ പ്രീച്ചറായി അംഗീകരിക്കുന്നതത്രേ. നിലവിലുള്ള എല്ലാ പ്രീച്ചർമാരും അവിശ്വാസികളാണെന്നാണോ അതോ എല്ലാവരും സഹോദരിമാരാണെന്നാണോ മരുപ്പച്ച അർത്ഥമാക്കുന്നതെന്ന് അറിഞ്ഞുകൂടാ.

പെന്തക്കോസ്തിൽ പൗരോഹിത്യമില്ലെന്നാണ് വെയ്പ്പ്. അങ്ങനെയെങ്കിൽ എല്ലാ ബിലീവറും പുരോഹിതരാണ്. എല്ലാ ശുശ്രൂഷകൻമാരും ബിലീവേഴ്സുമാണ്. പക്ഷേ ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ. അതുകൊണ്ട് പെന്തക്കോസ്ത് സഭകളിൽ പൗരോഹിത്യമുണ്ട്. അവർക്കു മാത്രമാണ് പ്രസംഗിക്കാൻ അധികാരം. ആ പതിവ് ഇതാ ആദ്യമായി തെറ്റിച്ചിരിക്കുന്നു. ഒരു വിശ്വാസിയെ പ്രഭാഷകനായി അംഗീകരിച്ചിരിക്കുന്നു.

അംഗീകരിച്ചു എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് അറിഞ്ഞുകൂടാ. ഓഡിനേഷൻ കൊടുത്തോ? സാദ്ധ്യത കുറവാണ്. കാരണം, ദൈവവചനത്തിലുള്ള ഓഡിനേഷൻ ഇന്ന് പെന്തക്കോസ്ത് സഭകളിൽ ഇല്ലല്ലോ. (ദൈവവേലയ്ക്കായി ദൈവം വിളിച്ചവരെ പ്രാദേശികസഭ അംഗീകരിക്കുന്ന നടപടിയാണ് ദൈവവചനപ്രകാരമുള്ള ഓഡിനേഷൻ).

# മത്തായിക്കുട്ടി കൊണ്ടറിയും

ചിലർ കണ്ടറിയും, മറ്റുചിലർ കൊണ്ടറിയും. കള്ളപ്രവാചകനായ മത്തായിക്കുട്ടി കൊണ്ടേ അറിയൂ എന്ന വാശിയിലാണ്.

മത്തായിക്കുട്ടിക്ക് ഏറെ പ്രായമില്ല. ഭാര്യയും മക്കളുമുണ്ട്. മത്തായിക്കുട്ടിയുടെ അളിയൻ അറിയപ്പെടുന്ന ഒരു പ്രസംഗകനുമാണ്. ഈ കാരണങ്ങളാൽ മത്തായിക്കുട്ടി പ്രശ്നം ഏറെ പരസ്യമാക്കാതെ പരിഹരിക്കണമെന്നാണ് ഡിഫെൻഡറിന്റെ ആഗ്രഹം. ഭാര്യയ്ക്കും മക്കൾക്കും പ്രസംഗകനായ അളിയനും നാണക്കേടുണ്ടാക്കുന്നത് ഒഴിവാക്കണമല്ലോ. അതുകൊണ്ടാണ് കള്ളപ്രവാചകനും സോദോമ്യനുമായ മത്തായിക്കുട്ടിയേക്കുറിച്ച് ഡിഫെൻഡർ ഇതുവരെ വളച്ചു കെട്ടി പറഞ്ഞത്. ഇപ്പോഴും പറയുന്നത്.

കിട്ടാനുള്ളതു കിട്ടാതെ കിട്ടൻ വിടകൊള്ളുകയില്ല എന്നു പറഞ്ഞതുപോലെ, പരമാവധി നാണക്കേടുണ്ടായിട്ടേ മത്തായിക്കുട്ടി അടങ്ങൂ എന്നു തോന്നുന്നു. അതുകൊണ്ട് ഈ മാന്യന്റെ ഭാര്യയും മക്കളും പ്രസംഗകനായ അളിയനും ക്ഷമിക്കണം: അടുത്ത ലക്കത്തിൽ ഡിഫെൻഡർ സത്യം സത്യമായി പറയും. അത് ഒഴിവാക്കാൻ ഒരു വഴിയേയുള്ളൂ: മത്തായിക്കുട്ടി ശുശ്രൂഷയൊക്കെ നിർത്തി വീട്ടിലിരുന്നു കൊള്ളാമെന്ന് മാർച്ച് 11ന് അകമായി എഴുതി തരണം.

# മാത്യു ജോണിനെ സൂക്ഷിക്കുക

മാത്യു ജോൺ എന്ന പ്രവാചകൻ ഡൽഹിയിൽ ശുശ്രൂഷ കഴിഞ്ഞ് വിമാനത്തിൽ കേരളത്തിലേക്ക് മടങ്ങുകയാണ്. വിമാനത്തിന്റെ ജനലിലൂടെ താഴേക്ക് നോക്കിയപ്പോൾ നോക്കെത്താത്തത്ര ദൂരത്തിൽ കടൽ. മണിക്കൂറുകളോളം ഈ കാഴ്ചമാത്രം. അതിമനോഹരമായ ഈ കാഴ്ചയേക്കുറിച്ച് മാത്യു ജോൺ വിവരിക്കുന്നതുകേട്ട് തൊടുപുഴയിലുള്ള ഒട്ടേറെ ദൈവമക്കൾ കോരിത്തരിച്ചു. അത്യുച്ചത്തിൽ ഹാലേലൂയ്യാ പറഞ്ഞു.

വിമാനത്തിൽ സഞ്ചരിക്കുക എന്നത് മാത്യു ജോണിനെ സംബന്ധിച്ച് സാധാരണ കാര്യം മാത്രം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല നിരവധി വിദേശ രാജ്യങ്ങളിലും മാത്യു ജോൺ സഞ്ചരിച്ചിട്ടുണ്ട്. മിക്കതും വിമാനത്തിൽ. ഇടുക്കി ജില്ലയിലെ കുമളിയിൽ, നൂറു കണക്കിനു വിശ്വാസികളുള്ള വലിയൊരു സഭയിലെ പാസ്റ്റർ എന്ന നിലയിൽ മാത്യു ജോണിന് ഇതെല്ലാം ചെറിയ കാര്യങ്ങൾ മാത്രം.

പക്ഷേ ഇതൊക്കെ കേട്ടിരുന്ന ചിലർക്ക് എന്തൊക്കെയോ സംശയങ്ങൾ. അതുകൊണ്ട് അവർ ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിച്ചു. മാത്യു ജോണിന്റെ ഫോൺ നമ്പറും തന്നു. ഉടൻ തന്നെ മാത്യു ജോണുമായി ഫോണിൽ ബന്ധപ്പെട്ടു. വിളിക്കുന്നത് ഡിഫെൻഡർ ഓഫീസിൽ നിന്നാണെന്ന് അറിഞ്ഞതോടെ മാത്യു ജോൺ പറന്നെത്തി. പറഞ്ഞതത്രയും കള്ളമാണെന്ന് തുറന്നു പറഞ്ഞു. നാളിതുവരെ വിമാനത്തിൽ കയറിയിട്ടില്ല. വിദേശത്തോ ഡൽഹിയിലോ പോയിട്ടില്ല. സഭയിൽ നാലോ അഞ്ചോ അംഗങ്ങളേയുള്ളൂ. ഇനി ഇങ്ങനെയൊന്നും കള്ളം പറയുകയുമില്ല. പക്ഷേ, മാത്യു ജോൺ വാക്കുമാറി. പഴയ പണി വീണ്ടും തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഈ കഥ ഡിഫെൻഡറിൽ എഴുതുകയാണ്.





# നാഗാലാന്റ് സ്മരണകൾ

ഞായറാഴ്ച മാത്രം തുറക്കുന്ന പോസ്റ്റോഫീസിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? പോസ്റ്റൽ ഡിപ്പാർട്ടുമെന്റുപോലും അങ്ങനെയൊരു പോസ്റ്റോഫീസിനെക്കുറിച്ചു കേട്ടിട്ടുണ്ടാവില്ല. സാനീസ് പോസ്റ്റോഫീസിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്.

പോസ്റ്റുമാസ്റ്ററുടെ വീട്ടിലാണ് പോസ്റ്റോഫീസ്. അദ്ദേഹത്തിന് ഇതുമാത്രമല്ല പണി. കൃഷിസംബന്ധമായ ജോലിയുള്ളപ്പോഴെല്ലാം മറ്റു കുടുംബാംഗങ്ങളോടൊപ്പം കൃഷിസ്ഥലത്ത് പോകും. ഖേത്തിയിൽ പണിയൊന്നുമില്ലെങ്കിൽ സ്കൂളിൽ പോകും. പഠിക്കാനല്ല, പഠിപ്പിക്കാൻ. അദ്ദേഹം സാനീസിലെ സർക്കാർ സ്കൂളിൽ അദ്ധ്യാപകൻ കൂടിയാണ്. ഫുൾടൈം അദ്ധ്യാപകൻ. ഞായറാഴ്ചകളിൽ മറ്റൊരു പണിയുമുണ്ട്. സാനീസ് ടൗൺ ചർച്ചിലെ അസ്സിസ്റ്റന്റ് പാസ്റ്റർ എന്ന നിലയ്ക്കുള്ള ജോലികൾ. എല്ലാം കഴിഞ്ഞു മിച്ചം കിട്ടുന്ന സമയത്താണ് പോസ്റ്റോഫീസ് ഭരണം.

പോസ്റ്റോഫീസെന്നു പറയാൻ തക്കതൊന്നും അവിടെയില്ല. മുറ്റത്തു നില്ക്കുന്ന മരത്തിൽ പതിച്ചിരിക്കുന്ന ബോർഡാണ് പ്രധാനമായും ഉള്ളത്. വരാന്തയിലൊരു മേശയുണ്ട്. അതിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന രസീതു ബുക്കും മറ്റും മേശപ്പുറത്തെടുത്തു വയ്ക്കുമ്പോൾ പോസ്റ്റോഫീസാകും. ഇവയെല്ലാം തിരികെ വയ്ക്കുമ്പോൾ പോസ്റ്റോഫീസ് അടച്ചു എന്നു ധരിക്കണം. ഇൻലന്റ്, സ്റ്റാമ്പ് തുടങ്ങിയ സാധനങ്ങളൊന്നും അവിടെയില്ല. ഇവയൊന്നും ആർക്കും ആവശ്യമില്ലെന്നതാണു സത്യം. എഴുത്തയയ്ക്കുന്ന പണിക്ക് നാഗന്മാർ പോകാറില്ല. ആർക്ക് എഴുതാൻ? എന്തിനെഴുതാൻ?

സർക്കാർ നോട്ടീസുകളും മറ്റുമാണ് പ്രധാന തപ്പാലുരുപ്പടി. എന്നേപ്പോലെയുള്ള ചുരുക്കം ചില വ്യക്തികൾക്ക് ചിലപ്പോഴൊക്കെ കത്തുകിട്ടാറുണ്ട്. കത്തയയ്ക്കേണ്ടിവരുമ്പോൾ ഞാൻ വൊക്കയിൽ പോയി പോസ്റ്റു ചെയ്യും. സാനീസിലെ പെട്ടിയിലിട്ടാൽ അത് നൂറ്റാണ്ടു കാലം അവിടെക്കിടക്കുമെന്നല്ലാതെ മറ്റു ഗുണമൊന്നും ഉണ്ടാകയില്ല. ഞായറാഴ്ച ഉച്ചകഴിഞ്ഞ് പോസ്റ്റോഫീസ് 'തുറക്കും'. പക്ഷേ, ആഴ്ചയിലൊരിക്കൽ കത്തുകിട്ടുമെന്നു ധരിക്കരുത്. എല്ലാ മാസവും ഒന്നാം തീയതി പോസ്റ്റുമാൻ ശമ്പളം വാങ്ങാനായി വൊക്ക പോസ്റ്റോഫീസിൽ പോകും. മടങ്ങി വരുമ്പോൾ സാനീസിലേയ്ക്കുള്ള തപ്പാലുരുപ്പടികളും കൊണ്ടുവരും. അങ്ങനെ മാസത്തിലൊരിക്കലാണ് ഞങ്ങൾക്കു കത്തുകൾ കിട്ടുക.



കൈത്തറിയിൽ വസ്ത്രം നെയ്യുന്ന ആവോ നാഗ സ്ത്രീകൾ

സാധാരണ കത്തുകൾ, ടെലഗ്രാം തുടങ്ങിയവയെല്ലാം മാസത്തിലൊരിക്കൽ ലഭിയ്ക്കും. നാഗാലാന്റിലേയ്ക്ക് ടെലഗ്രാം അയയ്ക്കുന്നവർ ശ്രദ്ധിക്കുക. ടെലഗ്രാം അയയ്ക്കുന്നതിലും നല്ലത് കത്തയയ്ക്കുകയാണ്. കത്തുകൾ രജിസ്റ്റർ ചെയ്യുന്നതിലും കഥയില്ല. രജിസ്റ്ററും മറ്റും ലഭിക്കാൻ ഒപ്പിട്ടുകൊടുക്കേണ്ട ആവശ്യമില്ല. പോസ്റ്റുമാൻ തന്നെ ഒരു ഒപ്പങ്ങിടും. അതിലധികമൊന്നും നാഗാലാന്റിൽ നടപ്പില്ല. അടുത്തൊരു ഗ്രാമത്തിലുള്ള സ്റ്റേറ്റ് ബാങ്ക് ശാഖയുടെ മാനേജർക്കുള്ള ഒരു രജിസ്റ്റർ, മറ്റു കത്തുകളുടെ കൂട്ടത്തിൽ എനിക്കു ലഭിച്ച സംഭവം പോലും ഉണ്ടായിട്ടുണ്ട്. (അത് ഞാൻ തന്നെ മാനേജരെ ഏല്പിച്ചു). ചുരുക്കത്തിൽ നാഗാലാന്റിലെ തപ്പാലാഫീസ് ശരിയായ "തപ്പലാഫീസ്" ആണെന്നു പറയാം.

ഏതാനും ആഴ്ചകൾക്കകം ആ പ്രദേശത്തുള്ള മിക്ക തള്ളമാരുമായി അമ്മ ചങ്ങാത്തം കൂടി. ഇടയ്ക്കെല്ലാം. അവരുടെ വീടുകൾ സന്ദർശിക്കും. അവരോടൊപ്പം വിറകിനും മറ്റും പോകും. ദേശീയവും അന്തർദേശീയവുമായ എല്ലാ പ്രശ്നങ്ങളും ചർച്ചചെയ്യും. വീട്ടിൽ തിരിച്ചെത്തുമ്പോൾ എല്ലാം വിശദമായി ഞങ്ങളെ അറിയിക്കും. മലയാളം മാത്രം അറിയാവുന്ന അമ്മ, ലോത്താ മാത്രമറിയാവുന്ന തള്ളമാരുമായി എങ്ങനെ ഇവയെല്ലാം ചർച്ച ചെയ്തു എന്നുമാത്രം ഞങ്ങൾക്കാർക്കും മനസ്സിലായില്ല.

വാച്ചും മറ്റുമില്ലാതെ സമയം കൃത്യമായി പറയുവാൻ അമ്മയ്ക്കു കഴിവുണ്ടായിരുന്നു. പക്ഷെ നാഗാലാന്റിലെത്തിയോടെ കാര്യം കുഴപ്പത്തിലായി. നവംബർ-ഡിസംബർ മാസങ്ങളിൽ വൈകിട്ടു നാലുമണിയാകുമ്പോഴേയ്ക്കും ഇരുട്ടാകും. സന്ധ്യയാകുമ്പോൾ ഞങ്ങൾ ചോദിക്കും: "ഇപ്പോൾ സമയമെത്രയായെന്നു പറയാമോ?" ഇരുട്ടിന്റെ കാഠിന്യവും മറ്റും ഒന്നും വിലയിരുത്തിയിട്ട് അമ്മ പറയും: "ആറര കഴിഞ്ഞു. ഉടൻ ഞങ്ങൾ വാച്ചെടുത്തു കാണിക്കും. സമയം നാലാകാൻ പോകുന്നു. മെയ്-ജൂൺ മാസങ്ങളിൽ നാലുമണിക്കു മുൻപേ നേരം വെളുക്കും. അമ്മയുടെ കണക്കനുസരിച്ച് ആറരയാകുമ്പോൾ യഥാർത്ഥത്തിൽ നാലരപോലുമായിട്ടുണ്ടാവില്ല. എങ്കിലും സൂര്യൻ ഉദിച്ചുയർന്നിരിക്കും.

സാനീസിലുള്ള മിക്ക ആൾക്കാർക്കും ഞങ്ങൾ പേരിട്ടു. പലരുടേയും യഥാർത്ഥ പേര് ഓർമ്മവയ്ക്കുവാൻ പ്രയാസമായിരുന്നതിനാൽ തനി മലയാളത്തിലാണ് ഈ നാമകരണങ്ങളത്രയും നടത്തിയത്. കഷണ്ടിക്കാരനായ ഒരു വയസ്സന് 'മൊട്ടക്കിളവൻ' എന്നു പേരിട്ടു. പല്ലുകൊഴിഞ്ഞ വയസ്സൻ 'കൊപ്പക്കിള'വനായി. സ്കൂൾ ബോർഡിന്റെ ചെയർമാൻ 'മൊമ്പറപ്പൻ' എന്ന പേരിലറിയപ്പെട്ടു. അയൽവാസിയായ ഒരു പെണ്ണിന് 'മാങ്ങാക്കുട്ടി' എന്നൊരോമനപ്പേരും ഇട്ടു. ചിലപ്പോഴെല്ലാം ഞങ്ങൾക്ക് അരിയും മറ്റും കൊണ്ടുവന്നു തന്നിരുന്ന വ്യക്തിയ്ക്ക് 'അന്നദാതാവ്' എന്ന പേര് എത്രമാത്രം യോജിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇവർക്കെല്ലാം ഇത്തരത്തിലോരോ പേരുണ്ടെന്ന് ഞങ്ങളല്ലാതെ ആരും അറിഞ്ഞിരുന്നില്ലതാനും.

1986-ഫെബ്രുവരി ആദ്യയാഴ്ചയിൽ പുതിയ അദ്ധ്യയന വർഷം ആരംഭിക്കും. അതിനു മുൻപായി രണ്ടു മൂന്ന് അദ്ധ്യാപകരെ കണ്ടെത്തണം. പ്രീഡിഗ്രിക്കപ്പുറം കണ്ടിട്ടുള്ളവരാരും ഇപ്പോൾ സാറന്മാരായിട്ടില്ല. പത്താം ക്ലാസ്സിൽ തോറ്റ മൂന്നു വിദ്വാന്മാർ അദ്ധ്യാപകരായുണ്ടുതാനും. സ്കൂൾ ബോർഡിൽ പ്രശ്നം അവതരിപ്പിച്ചു. കേരളത്തിൽ നിന്നും സാറന്മാരെ ഇറക്കുമതി ചെയ്യാനുള്ള അനുവാദം കിട്ടി. ഏറെത്താമസിയാതെ അതിനുള്ള ക്രമീകരണവും ചെയ്തു. എന്റെ അനുജൻ രാജു (വിജയൻ), എന്റെ സ്നേഹിതന്മാരായ കുര്യാക്കോസ്, ബാബു എന്നിവരാണ് വരാൻ തയ്യാറായത്. അവർ ഗുവഹാത്തിയിൽ എത്തുമ്പോൾ ഞാൻ കാത്തുനിൽക്കാമെന്നതായിരുന്നു പരിപാടി. I.L.P യും എടുത്തുകൊണ്ട് ഞാൻ ഗുവഹാത്തിയിലെത്തി. ട്രെയിൻ കൃത്യസമയത്ത് എത്തി. തിരുവനന്തപുരം-ഗുവഹാത്തി ട്രെയിൻ കൃത്യസമയത്തെത്തുക. വളരെ അപൂർവ്വമായി മാത്രം നടക്കുന്ന സംഭവമാണ്.

പിറ്റേദിവസം ഉച്ചയായപ്പോഴേയ്ക്കും ഞങ്ങൾ സാനീസിലെത്തി. കാര്യങ്ങളെല്ലാം വിശദീകരിച്ച് ഞാൻ അവർക്ക് കത്തയച്ചിരുന്നു എന്നതും ആ കത്തനുസരിച്ചാണ് അവർ വന്നതെന്നതും ശരി തന്നെ. പക്ഷെ എന്റെ കത്തിലുണ്ടായിരുന്ന വസ്തുതകൾ വെറുതെയാണെന്ന ധാരണയായിരുന്നു അവർക്കുണ്ടായിരുന്നത്. അവരുടെ ഭാവനയിലെ നാഗാലാന്റ് ഒരു വലിയ പട്ടണമായിരുന്നു. താമസിക്കാൻ നല്ല കെട്ടിടങ്ങൾ, പൈപ്പിലൂടെ വെള്ളമെത്തുന്നു. സമയം പോക്കാൻ വേണ്ടതെല്ലാം ഉള്ള നല്ല ടൗൺ. പക്ഷെ സത്യത്തിന്റെ ഭീകരമായ മുഖം കണ്ടതോടെ അവർ ഭയന്നു. മാത്രമല്ല നാഗാപിള്ളേരെ പഠിപ്പിക്കാൻ വന്ന ഇവർക്ക് ആ പിള്ളേർ പറയുന്നത്ര ഭംഗിയായി ഇംഗ്ലീഷ് പറയാനും അറിയാത്ത അവസ്ഥ. ഏതാനും ദിവസങ്ങൾക്കകം എല്ലാം ശരിയാകുമെന്നു പറഞ്ഞിട്ടും അവരുടെ മുഖം തെളിഞ്ഞില്ല. വന്നു പോയതുകൊണ്ട് സഹിച്ചു എന്നുമാത്രം. കേരളത്തിനു പുറത്തുപോയിട്ടില്ലാത്ത മിക്കവരുടേയും മനസ്സിൽ ബാഹ്യ ലോകത്തേക്കുറിച്ച് ഇങ്ങനെ യുള്ള കുറെ ധാരണകളൊക്കെ യുണ്ടാകും. മറുനാടൻ മലയാളികൾ എന്തൊക്കെ പറഞ്ഞാലും അവർ വിശ്വസിക്കയില്ല. തങ്ങളെ സഹായിക്കാനുള്ള വിമുഖതകൊണ്ട് ചില ഒഴിവുകഴിവുകൾ പറയുന്നു എന്നേ കരുതു.

ഏതാനും ദിവസങ്ങൾക്കകം ഇന്റർവ്യൂ കഴിഞ്ഞു. അവരെ മൂവരേയും അദ്ധ്യാപകരായി നിയമിക്കുകയും ചെയ്തു. സ്കൂളിനടുത്തുള്ള ഒരു വാടകവീട്ടിലേയ്ക്ക് കുര്യാക്കോസും ബാബുവും മാറി. സ്കൂളിലെ ഹിന്ദിഅദ്ധ്യാപകനായ ഒരു യു.പി.ക്കാരനും അവരോടൊപ്പം കൂടി. എന്റെ അനുജൻ ഞങ്ങളോടൊപ്പം താമസിച്ചു.

ഗവൺമെന്റ് അനുവാദത്തോടെ നടത്തുന്ന എല്ലാ സ്വകാര്യ സ്കൂളിലും സർക്കാർ വക ഹിന്ദി അദ്ധ്യാപകരുണ്ട്. ഗവൺമെന്റ് തന്നെയാണ് ഇവരെ നിയമിക്കുന്നതും ശമ്പളം കൊടുക്കുന്നതും. അഞ്ചു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ ഹിന്ദി നിർബ്ബന്ധമാണ്. നാഗന്മാർ കുറെയൊക്കെ ഹിന്ദി സംസാരിക്കുമെങ്കിലും എഴുതാൻ പഠിക്കുകയെന്നത് നടപ്പിലാകാത്ത കാര്യമാണ്. ഹിന്ദിയുടെ അക്ഷരമാല അവരുടെ തലയിൽ കയറുകയില്ല. മാത്രമല്ല, പത്താം ക്ലാസ്സ് പാസ്സാകാൻ ഹിന്ദി പഠിച്ചേ മതിയാകൂ എന്നുമില്ല. അതുകൊണ്ട് ഹിന്ദി പഠനം വെറുമൊരു ചടങ്ങായി നിലനിന്നു പോരുന്നു. മേല്പറഞ്ഞ യു.പി.ക്കാരൻ ഈ വിധത്തിൽ, സർക്കാർ ശമ്പളക്കാരനായി എത്തിയതായിരുന്നു.

പരീക്ഷകൾ വിദ്യാർത്ഥികൾക്കു മാത്രമല്ല അദ്ധ്യാപകർക്കും പരീക്ഷതന്നെയാണ്. കേരളത്തിലെപ്പോലെ അച്ചടിച്ച ചോദ്യക്കടലാസുകളും മറ്റും സാധാരണയായി ഉണ്ടാവില്ല. ഓരോ സ്കൂളിലും ചോദ്യക്കടലാസ് പ്രത്യേകം തയ്യാറാക്കുകയാണ് പതിവ്. അദ്ധ്യാപകർ ചോദ്യം തയ്യാറാക്കി ഹെഡ്മാസ്റ്ററെ ഏല്പിക്കും. അവ സ്റ്റെൻസിലിൽ ടൈപ്പുചെയ്ത് സൈക്ലോസ്റ്റയിൽ ചെയ്ത് ഉപയോഗിക്കുന്നു.

പരീക്ഷ നടത്തിപ്പാണ് ഏറെ ക്ലേശകരം. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ പോലും കോപ്പിയടിക്കാനും മറ്റും ശ്രമിക്കും. ഉയർന്ന ക്ലാസ്സുകളിൽ സ്ഥിതി ഗുരുതരവും ഭീകരവുമാണ്. കോപ്പിയടിച്ച കുട്ടികളെ പിടികൂടുന്ന അദ്ധ്യാപകർ സ്വയം കുഴപ്പത്തിൽ ചാടുകയാണ് ചെയ്യുന്നത്. തല്ലുകൊള്ളുക മാത്രമല്ല കൊല്ലപ്പെടുക പോലും ആകാം. പക്ഷെ കോപ്പിയടിയും മറ്റും ഒട്ടൊക്കെ നിയന്ത്രിക്കാതെ തരമില്ലതാനും. അങ്ങനെ, ചെകുത്താനും കടലിനും ഇടയിലകപ്പെട്ട അവസ്ഥയിലാണ് അദ്ധ്യാപകർ.

ഉത്തരപേപ്പർ പരിശോധിക്കുന്നിടത്തുമുണ്ട് കുഴപ്പം. കുട്ടികൾ എഴുതിയതെന്തു തന്നെയായാലും ജയിക്കാനുള്ള മാർക്കു കൊടുക്കുന്നതാണ് ബുദ്ധി. 'കുട്ടി ജയിച്ചാൽ അവന്റെ കഴിവ്, തോറ്റാൽ അദ്ധ്യാപകന്റെ കുറ്റം' എന്നതാണ് പൊതുതത്വം. തോറ്റ കുട്ടിയോ, അവന്റെ മാതാപിതാക്കളോ വെട്ടുകത്തിയുമായി വരാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. അതുകൊണ്ട് വല്ല നിവൃത്തിയുമുണ്ടെങ്കിൽ മിക്കവരും കുട്ടിക്കു ജയിക്കാനുള്ള മാർക്കു കൊടുക്കും.

നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

# എനിക്കും പറയാനുണ്ട്

## ജയമോഹൻ

പ്രവാചകനെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്ന മുഹമ്മദിനെപ്പററി കാർട്ടുൺ വരച്ചത് വലിയ പ്രശ്നമായിരിക്കുകയാണെല്ലോ. ഡച്ചുകാരനായ ആ കാർട്ടൂണിസ്റ്റിന്റെ തല വെട്ടിക്കൊണ്ടുവന്നാൽ, അൻപത്തൊന്ന് കോടി രൂപയും അയാളുടെ ശരീരത്തിന്റെ തൂക്കം സ്വർണ്ണവും കൊടുക്കാമെന്ന് ഇൻഡ്യക്കാരനായ ഒരു എം.പി. വാഗ്ദാനം ചെയ്തതായും വായിച്ചു. അതു മുസ്ലീങ്ങളുടെ കാര്യം. എന്റെ കാര്യം ചിലതു പറയാനുള്ളതു ഞാനിവിടെപ്പറയുന്നു.

കഴിഞ്ഞ പന്ത്രണ്ട് വർഷത്തിലേറെയായി ഞാൻ കാർട്ടുൺ വരയ്ക്കാൻ (പ്രസിദ്ധീകരിക്കാൻ) തുടങ്ങിയിട്ട്. ആദ്യത്തെ കാർട്ടുൺ പ്രസിദ്ധീകരിച്ചത് 'കാഹള' മായിരുന്നു. പിന്നെ യഥാക്രമം 'വേൾഡ് ഇവാഞ്ജൽ' 'ലിവിംഗ് വോയ്സ്' 'ഹാല്ലേലൂയ്യ' 'മലബാർ ഗോസ്പൽ മെസഞ്ചർ' 'ജ്യോതിമാർഗ്ഗം' 'മരുപ്പച്ച' 'സ്വർഗ്ഗീയധ്വനി' 'സങ്കീർത്തനം' 'സമാധാനം' 'ഗുഡ്ന്യൂസ്'(ബാലലോകം) 'ക്രൈസ്തവചിന്ത' എന്നിവയിൽ വരച്ചുവന്നു. (കൂടാതെ, അത്ര പ്രസിദ്ധമല്ലാത്തതും ഇപ്പോൾ നിലവിലുണ്ടോയെന്നറിയാത്തതുമായ പല പ്രസിദ്ധീകരണങ്ങൾക്കും കാർട്ടുൺ കൊടുത്തിട്ടുണ്ട്. വാസ്തവത്തിൽ, കാനം അച്ചനും ഡോ. ഹാബേൽ ജി. വർഗ്ഗീസും, പ്രൊഫ. മാത്യു പി. തോമസുമൊക്കെ ലേഖനങ്ങളെഴുതുന്നതുപോലെയേ ഉള്ളു കാർട്ടുൺ വരയ്ക്കുന്നതും. ഒരു ലേഖനത്തെക്കാൾ ഒരു കാർട്ടുൺ ഫലപ്രദമാണെന്നു കാനം അച്ചൻ എന്നോട് പറഞ്ഞിട്ടുണ്ട്. ഹാലേല്ലുയ്യായുടെയും സങ്കീർത്തനത്തിന്റെയും സ്വർഗ്ഗീയധ്വനിയുടെയും പത്രാധിപൻമാർ എന്റെയടുക്കൽ വന്നു കാർട്ടൂൺ വാങ്ങിക്കൊണ്ടു പോയിട്ടുണ്ട്. യാതൊരു പ്രതിഫലവും ഇച്ഛിക്കാതെയാണു കാർട്ടുൺ കൊടുത്തിട്ടുള്ളത് എന്നാൽ പിൽക്കാലത്ത് പല പത്രക്കാരുടെയും പത്രധർമ്മവും ശൂരത്വവും നഷ്ടമായിപ്പോയോ എന്നു സംശയിക്കേണ്ടതുണ്ട്. കാർട്ടുൺ പ്രസിദ്ധീകരിക്കാൻ പലർക്കും വൈമുഖ്യമുണ്ടായതുപോലെ . കെ.പി. യോഹന്നാൻ സർ ളോഹയിട്ടതിനെക്കുറിച്ച് ഒരു കാർട്ടുൺ ഞാൻ കൊടുക്കാനൊരുമ്പെട്ടപ്പോൾ ഒരു പത്രാധിപർ "പ്രസിദ്ധീകരിക്കുവാൻ പറ്റില്ല" ന്നായിരുന്നു മറുപടി പറഞ്ഞത്! അതിനെക്കാൾ ഗൗരവമേറിയ പല കാർട്ടുണുകളും സോത്സാഹം പ്രസിദ്ധീകരിച്ചു വായനക്കാരുടെ കൈയടി നേടിയവരാണ് അവരൊക്കെ. പത്രപ്രദർശനത്തിലും, കുമ്പനാട് ഹെബ്രോൻ കൺവെൻഷനിലും എന്റെ കാർട്ടുണുകൾ വലുതാക്കി കോപ്പിയെടുത്തു പ്രദർശിപ്പിച്ച് വരിക്കാരെ സമ്പാദിച്ചിട്ടുണ്ട്. (പത്രപ്രവർത്തനത്തിന്റെ നാരായവേരു പക്ഷപാതരാഹിത്യമാണെന്നു പഠിച്ചത് ഈയവസരത്തിൽ ഓർത്തുപോകുന്നു).

എല്ലാ പത്രാധിപന്മാരെയും പോലെ ഡിഫെൻഡറിന്റെ പത്രാധിപരും കാർട്ടൂൺ ചോദിച്ചു. ഞാൻ കൊടുക്കാമെന്നും പറഞ്ഞു. അഞ്ചോ, ആറോ കാർട്ടൂണുകളാണ് സാധാരണയായി ഒന്നിച്ചു കൊടുക്കാറ്. അതു മുഴുവനും ചിലപ്പോൾ ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നു. കാർട്ടൂണുകളുടെയെല്ലാം ആശയം എന്റെ സ്വന്തമാണ്. ശതാബ്ദി ക്രൂസേഡിൽ പ്രധാനമന്ത്രി വന്നിട്ടുള്ളതിനാൽ സ്തോത്രമെന്നുള്ള ഒരാശയം മാത്രമാണ് ഇത്രയും നാളുകൾക്കുള്ളിൽ ഡിഫെൻഡറിൽ നിന്നു കിട്ടിയിട്ടുള്ളത്. പിന്നെ, ഞാൻ വരച്ചുകൊടുത്ത ഒരു ചിത്രത്തിനു ഡിഫെൻഡർ തന്നെ ഒരാശയം നൽകിയിരുന്നു (രോഗശാന്തിശുശ്രൂഷ കഴിഞ്ഞപ്പോൾ കാലു നീണ്ടത്). ഡിഫെൻഡറിലെ വാർത്തകൾക്കനുസൃതമായി കാർട്ടൂൺ വരയ്ക്കാറില്ല. ഏതൊക്കെ വാർത്തകളാണ് അടുത്ത ലക്കത്തിൽ വരുന്നതെന്ന് എനിക്കറിഞ്ഞുകൂടാ മറ്റു പത്രാധിപന്മാരോടൊക്കെ എനിക്കുള്ള അടുപ്പമേ ഡിഫെൻഡറിന്റെ പത്രാധിപരോടുമുള്ളൂ. മറ്റു യാതൊരു നിലയിലും ഒരു പത്രവുമായും എനിക്കു ബന്ധമില്ല. ഒരു നിലയിലും പത്രാധിപന്മാരെ സ്വാധീനിക്കാനോ പ്രസാദിപ്പിക്കാനോ ശ്രമിക്കാറില്ല. എനിക്ക് താല്പര്യമില്ലാത്ത വിഷയത്തെക്കുറിച്ചു വരയ്ക്കാൻ പറഞ്ഞാൽ ഞാനതിനു വഴങ്ങാറുമില്ല. ഡിഫെൻഡർ ഇറക്കുന്ന സി.ഡി. പോലും പണം കൊടുത്താണ് ഞാൻ വാങ്ങുന്നത്. ആശയം തീരുമ്പോൾ വരയും തീരുമെന്നുള്ള മുന്നറിയിപ്പ് ഞാൻ നേരത്തെ നൽകിയിട്ടുണ്ട്.

ഇന്നു വരെ ദൈവദൂഷണമോ മറ്റോ വരച്ചിട്ടില്ല; വരയ്ക്കാറുമില്ല. ചില സംഭവങ്ങൾ കാർട്ടുണാക്കിയിട്ടുമുണ്ട്. വ്യക്തികളെ പരാമർശിച്ചു വരയ്ക്കുന്നത് വൈരാഗ്യം കൊണ്ടല്ല. പ്രവണതകളെയാണ് ഉദ്ദേശിക്കുന്നത്. വൈരാഗ്യം തീർക്കാൻ വരയ്ക്കാറില്ല. കഴിഞ്ഞയിടെ തിരുവല്ലാ റെയ്ൽവെ സ്റ്റേഷനിൽ വച്ച് ഒരു ഡി. പാസ്റ്റർ എന്നോട് ഒരു സംഭവം പറഞ്ഞു. ശവസംസ്ക്കാര പ്രസംഗത്തിനിടെ മെബൈൽ ഫോണിൽ സംസാരിച്ച പാസ്റ്ററെപ്പറ്റി. അദ്ദേഹം പറഞ്ഞത് "ഹൊ, എനിക്ക് ദേഷ്യം സഹിച്ചില്ല. അന്നേരം ഞാൻ ജയ്മോഹനെ ഓർത്തു. ഇതൊന്നു വരയ്ക്കണം കേട്ടോ." ആരാണ് അങ്ങനെ പ്രവർത്തിച്ചതെന്ന് ചോദിച്ചപ്പോൾ ഒരു 'വല്യ പുള്ളിയാണെ' ന്നായിരുന്നു മറുപടി. പേരു പറഞ്ഞില്ല. അതിനെപ്പറ്റി വരച്ച കാർട്ടുൺ ഈ ലക്കത്തിലുണ്ട്. അപ്പോൾ കാർട്ടൂൺ ആവശ്യമാണെന്ന് ചിന്തിക്കുന്ന പാസ്റ്റർമാരുണ്ട്. ഡിഫെൻഡറിൽ വരയ്ക്കുന്നത് ഒരു കുറ്റകൃത്യമായി ഞാൻ കരുതുന്നില്ല. മറ്റു പത്രാധിപന്മാരൊക്കെ ഡിഫെൻഡറിന്റെ പത്രാധിപരെക്കാൾ വിശുദ്ധരാണെന്നു തോന്നുന്നില്ല. ശതാബ്ദിയുടെ കാർട്ടുണുകൾ വരച്ചതുകൊണ്ടായിരിക്കും, ഞാൻ കൊടുത്ത ഒരു പ്രസക്തമായ ലേഖനം ഒരു പത്രം പ്രസിദ്ധികരിച്ചില്ല. ഞാൻ വരച്ചു കൊടുത്ത കാർട്ടുണുകളുടെ നന്ദി ഓർത്തെങ്കിലും അതു പ്രസിദ്ധീകരിക്കാമായിരുന്നു. എത്രയോ കാർട്ടുണുകളാണ് ഞാൻ അവർക്ക് വേണ്ടി വരച്ചത്.

കാർട്ടുൺ വരയ്ക്കുന്നതിനാൽ ഞാനൊരു 'റിബലാണെന്നും,' എല്ലാറ്റിനെയും (എല്ലാവരേയും) വിമർശിക്കുന്നവാനാണെന്നുമുള്ള ഒരു ചിന്തയുണ്ടെന്നു തോന്നുന്നു. വചന വിരുദ്ധമായ നടപടികളെയാണു കാർട്ടുണിൽ പരാമർശിക്കുന്നത്. ശതാബ്ദി ക്രൂസേഡിനെക്കുറിച്ചു ഞാൻ വരച്ച കാർട്ടുണുകൾ, പകൽ പോലെ സത്യം വെളിവാകുന്നവയാണ്. പ്രധാനമന്ത്രി വന്നുമില്ലാ, അത്ഭുതം നടന്നുമില്ല, ഇതുവരെ കണക്കുവായിച്ചിട്ടുമില്ല. പണം കൊടുത്തവരും പങ്കെടുത്തവരും പാട്ടുപാടിയവരും വിഡ്ഢികളായതു മിച്ചം. ഞാനൊരു സുവിശേഷകനാണ് (റവറന്റല്ല). റോഡരികിൽ നിന്നും ട്രാക്റ്റു കൊടുക്കാനും വരച്ചുകൊണ്ടു പ്രസംഗിക്കാനും ഇഷ്ടപ്പെടുന്ന ഒരു സുവിശേഷകൻ. ഇതുവരെ പതിനൊന്ന് ട്രാക്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ എട്ടെണ്ണം കാർട്ടുൺ ട്രാക്റ്റുകളാണ്. കേരളത്തിൽ മറ്റാരും ഇതുവരെ ഇങ്ങനെയുള്ള ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടില്ല. ഇനിയും പലതും പ്രസിദ്ധീകരണത്തിന് തയ്യാറാകുന്നു. ജനം വായിക്കുന്ന ലഘു ലേഖകളാണ് അവ. അതുപോലെ നല്ല രണ്ടു ദൈവദാസന്മാരുടെ ജീവചരിത്രവും എഴുതിക്കൊടുത്തു. അവയും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇപ്പോൾ രണ്ടുപേരുടെ ജീവചരിത്രം എഴുതിക്കൊണ്ടിരിക്കുന്നു. മൂന്നു പുസ്തകങ്ങൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഒന്നു പ്രസിദ്ധീകരിച്ചു. ഒരെണ്ണത്തിന്റെ അച്ചടി നടന്നുകൊണ്ടിരിക്കുന്നു. ഡേക്സ് ബൈബിളിന്റെ വിവർത്തനവും ചെയ്യുന്നുണ്ട്. കാർട്ടുൺ സമാഹാരവും പ്രസിദ്ധീകരിക്കാനിടയായി.

പൗലോസ് ഗലാത്യരോടു ചോദിച്ച ചോദ്യം ഞാനും ചോദിക്കുകയാണ്. "സത്യം പറഞ്ഞതുകൊണ്ട് ഞാൻ നിങ്ങളുടെ ശത്രുവായിപ്പോയോ?"




